# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി
Volume - 10 Issue - 3 March 2021



## അനുസരണം ആസ്വദിക്കുന്നവർ

പേജ് 7

വില 20 രൂപ

Editorial

# മതമോ മാർഗമോ?

ക്രിസ്ത്യാനിത്വം ഒരു മതമോ, അതോ മാർഗമോ? ലോകം അതിനെ ഒരു മതമായി അംഗീകരിച്ചിരിക്കുന്നു. അതുകൊണ്ടു സുവിശേഷ പ്രവർത്തനങ്ങളെ മതപരിവർത്തന പ്രവർത്തനങ്ങളായി വ്യാഖ്യാനിക്കുന്നു.മതത്തിനു അതിന്റേതായ പാരമ്പര്യവും ആഘോഷങ്ങളും അനുഷ്ഠാനങ്ങളും ആചാരങ്ങളും എല്ലാം ഉണ്ട്. ക്രിസ്തുമതവും ഇതിൽ നിന്ന് വിഭിന്നമല്ല. വിശുദ്ധ ബൈബിളിൽ നിന്ന് നമുക്ക് ലഭിക്കുന്ന തിരിച്ചറിവ് വ്യത്യസ്തമാണ്. യേശുവിനെ ലോകരക്ഷകനായിട്ടാണ് താൻ മനുഷ്യജന്മമെടുത്തതിനോട് അനുബന്ധിച്ചു ദൂതന്മാർ ഘോഷിച്ചത് (ലൂക്കോസ് 2:10,11).

യഹൂദന്മാർ പുറജാതികളായി കണ്ടിരുന്ന ശമര്യക്കാർ ക്രിസ്തുവിനെക്കുറിച്ചു ലോകരക്ഷകനായി മനസിലാക്കുകയും അംഗീകരിക്കുകയും ചെയ്തു (യോഹന്നാൻ 4:42). യേശു ഒരു മതസ്ഥാപകനല്ല. നാനാജാതി മതസ്ഥരുടെയും രക്ഷിതാവാണ്. തന്നെക്കുറിച്ചു യേശുതന്നെ പറയുന്നത്: ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു എന്നാണ്. അതേ, യേശു ഏക രക്ഷാമാർഗമാണ്. മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല (പ്രവർത്തികൾ 4:12). ഇതാണ് സത്യം.

മനുഷ്യന്റെ രക്ഷയുടെ ഏകമാർഗമായ ക്രിസ്തുവിനെ ഒരു മതസ്ഥാപകനാക്കി അവതരിപ്പിച്ച് പിശാച് മനുഷ്യനെ വീണ്ടും വഴി തെറ്റിച്ചിരിക്കുന്നു. ക്രിസ്ത്യാനികൾ എന്നത് കേവലം മതാനുസാരികൾ ആയിത്തീർന്നിരിക്കുന്നു. മതം ക്രിസ്ത്യാനിത്വത്തെ വിഴുങ്ങിയിരിക്കുന്നു എന്നും പറയാം. എത്ര അപകടകരമായ അവസ്ഥയാണ് ഇത് എന്ന് നാം ചിന്തിക്കേണം. മതത്തിന്റെ ആവരണത്തിൽ നിന്നും ക്രിസ്ത്യാനിത്വം മോചിപ്പിക്കപ്പെട്ടു എങ്കിലേ ക്രിസ്തു ഉയർത്തപ്പെടുകയുള്ളു. ഞാൻ ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്കു ആകർഷിക്കും എന്നാണ് കർത്താവു പറഞ്ഞിട്ടുള്ളത്. ക്രിസ്തു ഉയർത്തപ്പെടേണ്ടത് തന്റെ ശിഷ്യന്മാരിലൂടെയാണ്. ക്രിസ്തുവിന്റെ മാർഗത്തിലൂടെ നടക്കുന്ന യഥാർത്ഥ ശിഷ്യന്മാരിൽ മാത്രമേ ലോകത്തിനു ക്രിസ്തുവിനെ കാണുവാൻ കഴിയൂ. ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്ന ക്രിസ്തുവിന്റെ സ്ഥാനാപതികളാണ് അവർ. യഥാർത്ഥ ഭക്തന്മാരാണ് ലോകത്തിന്റെ ആധ്യാത്മിക വെളിച്ചം. ഈ വിഷയത്തെ ഗൗരവമായി കാണുവാൻ ഈ ലക്കത്തിലെ 'ഭക്തന്മാർ ഇല്ലാതാകുന്നുവോ' എന്ന, ജോയ് തോമസിന്റെ സന്ദേശം സഹായിക്കുന്നു.

വചനത്തെ അനുസരിക്കുന്നത് ഭാരമുള്ള നുകമായിട്ടല്ല, മറിച്ചു ഒരു ആസ്വാദനമായിട്ടാണ് സാജു മാത്യു തന്റെ ലേഖനത്തിൽ പ്രതിപാദിക്കുന്നത്. ആത്മിക ശുശ്രൂഷകളിൽ ചെറുതോ വലുതോ ആയ ഏതു ശുശ്രൂഷ ചെയ്താലും അതെല്ലാം 'ദൈവത്തിനായി' ചെയ്യുന്നു എന്നാണ് ബാബു ചെറിയാന്റെ പ്രതിപാദ്യം. ദൈവാശ്രയത്തിലൂടെ ജീവിതത്തിൽ വന്നു ഭവിക്കുന്ന'വിഷണ്ഡതയെ എങ്ങനെ നേരിടണം' എന്ന് തിരുവചനാടിസ്ഥാനത്തിൽ ഫ്രാൻസിസ് ഫ്രാങ്കിപ്പെൻ വിശദീകരിക്കുന്നു. 'യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവും ആകുന്നു, തന്നിൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു' (നഹൂം 1:7).

ആശ്വാസത്തിനും പ്രബോധനത്തിനും ആത്മിക വർദ്ധനയ്ക്കും ഉതകുന്നതാണ് മറ്റെല്ലാലേഖനങ്ങളും. പഠനബുദ്ധിയോടെ ഓരോന്നും അപഗ്രഥിച്ചു പഠിക്കുവാൻ, ഹൃദയത്തിൽ സംഗ്രഹിക്കുവാൻ എല്ലാ മാന്യ വായനക്കാരെയും ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം സമർപ്പിച്ചുകൊള്ളുന്നു.



പുസ്തകം 10 ലക്കം 3
മാർച്ച് 2021

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00

**ഭക്തന്മാർ ഇല്ലാതാകുന്നുവോ?** 4
ജോയ് എം. തോമസ്

**അനുസരണം ആസ്വദിക്കുന്നവർ** 7
സാജു മാത്യു

**ദൈവത്തിനായി** 9
ബാബു ചെറിയാൻ

**വിഷണ്ഡതയെ എങ്ങനെ നേരിടണം?** 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**യേശു നേരിട്ട വിമർശനങ്ങളും പരിഹാസങ്ങളും** 13
പി.വി.വർഗീസ്

**ഒന്നിനെയും കുറിച്ച് ഉൽക്കണ്ഠപെടരുത്** 16
സുജിത് സൈമൺ

**കൃപയ്ക്കു അധീനർ, നീതിക്കു ദാസന്മാർ** 19
ചെയ്സ് ജോസഫ്

**വനിതാ വീഥി** 21
എൽസി ജോയ്

**മനുഷ്യബുദ്ധിക്കു അതീതൻ** 23
ജോൺസൺ കടമ്പനാട്

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**താഴ്മയുള്ളവർക്കു കൃപ നൽകുന്ന ദൈവം** 31
എംസി



ജോയ് എം. തോമസ്

# ഭക്തന്മാർ ഇല്ലാതാകുന്നുവോ?

സമൂഹത്തിൽ എല്ലായിടത്തും മൂല്യങ്ങൾക്ക് ശോഷണം അപകടകരമായ വിധത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. സമൂഹത്തിനു ധാർമിക അധ:പതനം സംഭവിക്കുമ്പോൾ ജീവിതം ദുഷ്കരമായിത്തീരുകയാണ്. ആധ്യാത്മിക ചിന്തകൾക്ക് പിഴവ് സംഭവിക്കുന്നതാണ് ധാർമിക മൂല്യങ്ങൾ നഷ്ടപ്പെടുന്നതിന്റെ പ്രധാന കാരണം. മതചിന്തകൾ സ്പർദ്ധയും വൈരാഗ്യവും വളർത്തുന്നതായിത്തീരുന്നു. അന്യോന്യം പൊരുതി നശിക്കുന്നതിനു അത് കരണമാവുകയല്ലേ?

ഇന്നത്തെ ഈ ദു:സ്ഥിതിയിൽ മനം നൊന്തു ദൈവത്തെ നോക്കി നിലവിളിക്കുന്ന പരാമർത്ഥികൾ ഉണ്ടോ? എണ്ണത്തിൽ ചുരുക്കം എങ്കിലും അങ്ങനെയുള്ളവർ ഉണ്ടെന്നതാണ് തെല്ലൊരു ആശ്വാസത്തിന് വക. ദൈവവചനത്തിൽ കുറിക്കപ്പെട്ടിരിക്കുന്ന അങ്ങനെയുള്ള ഒരു നിലവിളിയാണ് ഇന്നത്തെ സന്ദേശത്തിനു ആധാരം.

'യഹോവേ രക്ഷിക്കേണമേ, ഭക്തന്മാർ ഇല്ലാതെ പോകുന്നു; വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു'(സങ്കീർത്തനങ്ങൾ 12:1) ഭക്തന്മാർ ഇല്ലാതെ പോകുന്നുവോ? വിശ്വസ്തന്മാർ കുറഞ്ഞു കൊണ്ടിരിക്കുന്നുവോ? ഇത് നാം ഗൗരവമായി എടുക്കുന്നുണ്ടോ? നാം നിലവിളിച്ചു പ്രാർത്ഥിക്കേണ്ട സമയമാണിത്. നമ്മെയും നമ്മുടെ തലമുറകളെയും ദൈവം രക്ഷിക്കണം. ദൈവഭക്തരായി ജീവിക്കുവാൻ ഉള്ള തീരുമാനത്തിൽ ഉറപ്പുള്ളവരാകണം നാം.

ദൈവഭക്തർ വിശ്വസ്തർ ആണ്. ദൈവത്തോട് വിശ്വസ്തരാകണമെങ്കിൽ മനുഷ്യരോടും വിശ്വസ്തരാകണമല്ലോ. സത്യസന്ധത അവരുടെ ജീവിതത്തിന്റെ അടിസ്ഥാനമായിരിക്കും. മുഖസ്തുതിയും വ്യാജഭാവവും, വഞ്ചനയും അഴിമതിയുമെല്ലാം അവരിൽ നിന്നും വളരെ അകന്നിരിക്കും. വാസ്തവത്തിൽ സമൂഹത്തിന്റെ മാർഗ്ഗദീപങ്ങൾ വിശ്വസ്തർ ആണ്. ഭക്തന്മാരില്ലാതാകുന്നത് എന്തുകൊണ്ടാണ്? നമുക്കും അതിൽ പങ്കില്ലേ? ഭക്തന്മാർ ഇല്ലാതെ പോകുന്നതിന്റെ ചില കാരണങ്ങൾ ചൂണ്ടിക്കാണിക്കാം. ക്രമീകരണങ്ങൾ വരുത്തുവാൻ നാം തയ്യാറാകണം.

1. **വ്യാജ ആത്മികതയുടെ വളർച്ച:**

വ്യാജ ഉത്പ്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് സുലഭമായി ലഭിക്കുമ്പോൾ

**ഇന്നത്തെ ഈ ദു:സ്ഥിതിയിൽ മനം നൊന്തു ദൈവത്തെ നോക്കി നിലവിളിക്കുന്ന പരാമർത്ഥികൾ ഉണ്ടോ? എണ്ണത്തിൽ ചുരുക്കം എങ്കിലും അങ്ങനെയുള്ളവർ ഉണ്ടെന്നതാണ് തെല്ലൊരു ആശ്വാസത്തിന് വക.**

ശരിയായതിനോടുള്ള പ്രിയം കുറഞ്ഞു വരുന്നത് ശ്രദ്ധിച്ചിട്ടുണ്ടല്ലോ. ആത്മികതയുടെ നാശത്തിനു കിണഞ്ഞു പരിശ്രമിക്കുന്ന പിശാചിന്റെ ഏറ്റവും വലിയ തന്ത്രം വ്യാജ ആത്മികത വളർത്തുക എന്നതാണ്. അപ്പോസ്തലനായ പൗലോസ് ഈ കാര്യം നമ്മെ ഓർമിപ്പിക്കുന്നു. 'എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതു പോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായി പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു' (2 കൊരിന്ത്യർ 11:3). അന്ന് ഹവ്വയെ ചതിച്ചതുപോലെ, ഇന്ന് നമ്മോടു പ്രയോഗിക്കുന്ന പിശാചിന്റെ തന്ത്രം എന്താണ്? പിശാചിന്റെ തന്ത്രം എന്താണെന്നു അടുത്ത വാക്യത്തിൽ പൗലോസ് ഓർമ്മിപ്പിക്കുന്നു. 'ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ, നിങ്ങൾക്ക് ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷം എങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നതു ആശ്ചര്യം'. പിശാചിന്റെ ഉപായം എന്താണെന്നു പൗലോസ് എത്ര തെളിവായിട്ടാണ് നമുക്ക് പറഞ്ഞു തരുന്നത്.

അപ്പോസ്തലന്മാർ പ്രസംഗിച്ച യേശുവിനെ നാല് സുവിശേങ്ങളിലായി നമുക്ക് വ്യക്തമായി വെളിപ്പെടുത്തി തന്നിട്ടുണ്ട്. ഈ സുവിശേഷങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസിലാക്കുന്നവർക്കു യേശുവിന്റെ ജീവിതം എപ്രകാരമായിരുന്നു എന്നും, യേശു പഠിപ്പിച്ചത് എന്ത് ആയിരുന്നു എന്നും നന്നായി ഗ്രഹിക്കുവാൻ കഴിയും. സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന യേശു ആണ് യഥാർത്ഥ യേശു. യഥാർത്ഥ യേശുവിനെ പ്രസംഗിക്കുന്ന സുവിശേഷമാണ് യഥാർത്ഥ സുവിശേഷം. യഥാർത്ഥ യേശുവിനെ പ്രസംഗിക്കുകയും, താൻ പഠിപ്പിച്ചതിനെ എല്ലാം മായം കലർത്താതെ പഠിപ്പിക്കുകയുംചെയ്യുമ്പോഴാണ് പരിശുദ്ധാത്മാവിന്റെ യഥാർത്ഥ പ്രവർത്തനം നടക്കുന്നത്. അതിൽ നിന്നുള്ള വ്യതിചലനം വ്യാജയേശുവിങ്കലേക്കും, വ്യാജ സുവിശേഷത്തി ലേക്കും നയിക്കുകയും വ്യാജ ആത്മാവിന് അധീനപ്പെടുത്തുകയും ചെയ്യും. പിശാചിന്റെ ഈ ഉപായത്തെക്കുറിച്ചാണ് പൗലോസ് സംസാരിക്കുന്നത്.

യേശു നടന്ന വഴിയിൽക്കൂടി നടക്കാതെ യേശുവിനെ അനുഗമിക്കുന്നത് എങ്ങനെ? യേശുവിന്റെ ജീവിത മാതൃക പിന്തുടരാതെ യേശു പഠിപ്പിച്ച കാര്യങ്ങൾ അനുസരിക്കുന്നത് എങ്ങനെ? യേശുവിനെ അനുഗമിക്കുന്നതും അനുസരിക്കുന്നതുമാണ് യഥാർത്ഥ ആത്മികത. ഇപ്രകാരമുള്ള വിശ്വസ്തരായ ദൈവഭക്തർ ഇല്ലാത്ത ക്രിസ്ത്യാനിത്വത്തെക്കുറിച്ച് എന്ത് പറവാൻ കഴിയും? ദൈവസന്നിധിയിൽ നിലവിളിക്കുക മാത്രമാണ് നമുക്ക് ചെയ്യുവാൻ കഴിയുന്നത്.

**ഏതു സഭാവിഭാഗത്തിൽ നാം ഉൾപ്പെടുന്നു എന്നതിനേക്കാൾ പ്രാധാന്യം അർഹിക്കുന്നത് ക്രിസ്തുവുമായുള്ള നമ്മുടെ ആത്മബന്ധത്തിനാണ്. ക്രിസ്തുവിനെ അനുകരിച്ചുകൊണ്ടു ക്രിസ്തുവിനെ ശ്രദ്ധിച്ചു നോക്കി ജീവിക്കുന്നതിനാൽ മാത്രമേ അതിനു കഴിയുകയുള്ളു.**

**2. കപട ഭക്തരാൽ നയിക്കപ്പെടുന്ന ആത്മികതയിലെ അപകടം:**

യേശുവിന്റെ കാലത്തുണ്ടായിരുന്ന യഹൂദ മത നേതൃത്വത്തിലെ മിക്കവരും കപടഭക്തരായിരുന്നു. അതുകൊണ്ട് കപടഭക്തിക്കാരായ ശാസ്ത്രിമാരെ, പരീശന്മാരെ എന്ന് അവരെ യേശു വിളിച്ചു പരസ്യമായി അവരെ തിരുത്തുവാൻ ശ്രമിച്ചു. നേതൃത്വത്തെ അനുധാവനം ചെയ്യുന്ന രീതിയാണ് എപ്പോഴും ജനങ്ങൾ ശീലിച്ചിട്ടുള്ളത്. ആത്മികതയിൽ നിലനിൽക്കുന്ന യഥാർത്ഥ ആത്മികർ നേതൃത്വംകൊടുക്കാത്ത എല്ലാ ആത്മിക പ്രസ്ഥാനങ്ങളും ജനത്തെ വഴി തെറ്റിക്കുന്നതായി മാറുന്നു. ഇത് പിശാച് ചെയ്യുന്ന ഏറ്റവും വലിയ വഞ്ചനയാണ്. പല ആത്മിക പ്രസ്ഥാനങ്ങളും നേതൃത്വങ്ങളും ദൈവനാമം ദുഷിക്കപ്പെടുന്നതിനും വിശ്വാസികളെ ആത്മികതയിൽ നിന്ന് വ്യതിചലിപ്പിക്കുന്നതിനും കാരണമായി മാറിക്കൊണ്ടിരിക്കുന്നു എന്നുള്ളത് വളരെ ദു:ഖകരമാണ്.

ഏതു സഭാവിഭാഗത്തിൽ നാം ഉൾപ്പെടുന്നു എന്നതിനേക്കാൾ പ്രാധാന്യം അർഹിക്കുന്നത് ക്രിസ്തുവുമായുള്ള നമ്മുടെ ആത്മബന്ധത്തിനാണ്. ക്രിസ്തുവിനെ അനുകരിച്ചുകൊണ്ടു ക്രിസ്തുവിനെ ശ്രദ്ധിച്ചു നോക്കി ജീവിക്കുന്നതിനാൽ മാത്രമേ അതിനു കഴിയുകയുള്ളു. പിശാചിന്റെ

ഉപായത്തിൽ കുടുങ്ങാതെ ക്രിസ്തുവിനോടുള്ള ഏകാഗ്രതയിലും നിർമ്മലതയിലും നമുക്ക് നില നിൽക്കുവാൻ ഉള്ള ഏക മാർഗം ഇത് മാത്രമാണ്. 'അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ, നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ, ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം കൊടുക്കുവാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്'( വെളിപ്പാട് 22:11,12) എന്ന കർത്താവിന്റെ അരുളപ്പാടു നമുക്ക് സ്വീകരിക്കാം.

**3. പ്രോത്സാഹനം കൊടുക്കാതെ ഒന്നും വളരുന്നില്ല:**

യഥാർത്ഥ ആത്മികതയെ പ്രോത്സാഹിപ്പിച്ചാൽ മാത്രമേ വിശ്വസ്തരും ഭക്തരും ഉണ്ടാവുകയുള്ളു. വ്യാജ ആത്മികതയ്ക്കാണ് ഇന്ന് പ്രചാരം ലഭിക്കുന്നത്. വിശാലമായ വഴിയാണ്, കണ്ടെത്തുവാൻ എളുപ്പവും യാത്രയ്ക്ക് സുഖവും. അവസാനത്തിങ്കൽ മാത്രമേ അതിന്റെ അപകടം മനസിലാവുകയുള്ളു എന്നുമാത്രം. രക്ഷപ്പെടാൻ പറ്റാതെവണ്ണം അപ്പോഴേക്കും അവർ നാശത്തിൽ ( no return point ) പതിച്ചിരിക്കും. യഥാർത്ഥ ആത്മികത ഇടുക്കു വാതിലിലൂടെ കടന്നു ഇടുക്കവും ഞെരുക്കവും ഉള്ള വഴിയിലൂടെ യാത്ര ചെയ്യുന്നതാണ്. അതു കണ്ടെത്തുന്നവർ ചുരുക്കമാണ്. കണ്ടെത്തിയവർ അതു മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുമ്പോഴും അതിൽ ശ്രദ്ധിക്കാതെ, അവരെ മാടിവിളിക്കുന്ന വ്യാജ ആത്മികതയുടെ വിശാല വഴിയിലേക്ക് അവർ ആകർഷിക്കപ്പെട്ടു നാശത്തിലേക്കു നിപതിക്കുന്നു. എന്റെ ഈ വരികൾ വായിക്കുന്ന പ്രിയപ്പെട്ടവരേ, നിങ്ങൾ ഈ അപകടം മനസിലാക്കുന്നുവോ? യഥാർത്ഥ ആത്മികരെ നാം തിരിച്ചറിയണം: പൗലോസ് അപ്പോസ്തലന്റെ പ്രബോധനം ശ്രദ്ധിക്കുക; 'സഹോദരന്മാരേ നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പീൻ. ഞങ്ങൾ നിങ്ങൾക്ക് കാണിച്ച മാതൃക പ്രകാരം നടക്കുന്നവരെയും കുറിക്കൊള്ളുവിൻ. ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിനു ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞും കൊണ്ട് പറയുന്നു. അവരുടെ അവസാനം നാശം.; അവരുടെ ദൈവം വയറ്; ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു. അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു'

**അവസാനത്തിങ്കൽ മാത്രമേ അതിന്റെ അപകടം മനസിലാവുകയുള്ളു എന്നുമാത്രം. രക്ഷപ്പെടാൻ പറ്റാതെവണ്ണം അപ്പോഴേക്കും അവർ നാശത്തിൽ പതിച്ചിരിക്കും. യഥാർത്ഥ ആത്മികത ഇടുക്കു വാതിലിലൂടെ കടന്നു ഇടുക്കവും ഞെരുക്കവും ഉള്ള വഴിയിലൂടെ യാത്ര ചെയ്യുന്നതാണ്.**

(ഫിലിപ്യർ 3:17 -20). ദൈവമക്കളായ നമുക്ക് വിവേചിക്കുവാൻ കഴിവുണ്ടായിരിക്കണം. അസ്സലായതിനെ ശരിക്കും അറിയുന്നവർക്ക് മാത്രമേ വ്യാജത്തെ തിരിച്ചറിയുവാൻ കഴിയൂ. അതിനാൽ വചനം യഥാർത്ഥമായ നിലയിൽ വായിച്ചു ഗ്രഹിക്കുവാൻ നാം ഓരോരുത്തരും ഉത്സാഹിക്കണം. ക്രിസ്തുവിനെ അറിയുന്നതിനും, താൻ കാണിച്ചു തന്ന മാതൃക മനസിലാക്കുന്നതിനും, ഉൾ ക്കൊള്ളുന്നതിനും നാം ഉത്സാഹമുള്ളവരായിരിക്കണം. പൗലോസ് അപ്പോസ്തലൻ ക്രിസ്തുവിനെ അനുകരിക്കുന്നതിനു നമുക്ക് ഒരു മാതൃകയാണ്. അതുകൊണ്ടാണ്, 'ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതു പോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ' (1 കൊരിന്ത്യർ 11:1) എന്ന് പ്രാഗത്ഭ്യത്തോടെ താൻ പറയുന്നത്. മാത്രമല്ല അപ്പോസ്തലന്മാർ കാണിച്ച മാതൃക പിന്തുടരുന്നവരെയും കുറിക്കൊള്ളുവാൻ പൗലോസ് പ്രബോധിപ്പിക്കുന്നു.

ക്രൂശിന്റെ ശത്രുക്കളായി നടക്കുന്നവരെക്കുറിച്ച് പൗലോസിന് വേദനയുണ്ടായതുപോലെ നമുക്കും വേദന ഉണ്ടാകണം. അവരുടെ കാപട്യത്തിൽ നാം ഒരിക്കലും പങ്കാളികൾ ആകുവാൻ പാടില്ല. അപ്പോസ്തലന്മാർ കാണിച്ച ജീവിത മാതൃകയിൽ ജീവിക്കുകയും, സത്യവചനം യഥാർത്ഥമായി പഠിപ്പിക്കുകയും ചെയ്യുന്നവർക്ക് പ്രോത്സാഹനം കൊടുക്കുക.

കർത്താവിന്റെ വരവിനായി പ്രതീക്ഷയോടെ കാത്തിരിക്കുകയും, അങ്ങനെ ഭക്തന്മാരും വിശ്വസ്തന്മാരുമായി ജീവിതം നയിക്കുകയും ചെയ്യുക. ഭക്തന്മാരായ മറ്റുള്ളവരുമായി കൂട്ടായ്മ ആചരിച്ചു ഭക്തന്മാരെ സംരക്ഷിക്കുന്നവരായിരിക്കുവാൻ നമുക്ക് ഉത്സാഹിക്കാം. ●



സാജു മാത്യു

# അനുസരണം ആസ്വദിക്കുന്നവർ

***ഞാൻ എന്റെ നിവാസം നിങ്ങളുടെയിടയിൽ ആക്കും; എന്റെ ഉള്ളം നിങ്ങളെ വെറുക്കുകയില്ല ലേവ്യർ 26:11.***

അനുസരണം അനിവാര്യമായ ഒരു ഗുണവിശേഷമാണെന്നു നമുക്കറിയാം; പ്രത്യേകിച്ചും ദൈവത്തോടുള്ള അനുസരണം; എന്നാൽ, സമ്പൂർണമായ അനുസരണം പ്രതിഫലം ഇച്ഛിച്ചോ ശിക്ഷയെ ഭയന്നോ ഉള്ളതാവില്ല; അതു പൂർണ മനസ്സോടെയുള്ളതും സ്വാർഥത തൊട്ടുതീണ്ടിയിട്ടില്ലാത്തതുമാവും. സ്വന്തം ജീവന്റെ നഷ്ടംപോലും അനുസരണത്തിൽനിന്നു നമ്മെ അകറ്റികളയുന്നില്ലെങ്കിൽ മാത്രമെ, അതിനെ സമ്പൂർണ അനുസരണം എന്നു വിളിക്കാനാവൂ.

**സ്വന്തം ജീവന്റെ നഷ്ടം പോലും അനുസരണത്തിൽ നിന്നു നമ്മെ അകറ്റികളയുന്നില്ലെങ്കിൽ മാത്രമെ, അതിനെ സമ്പൂർണ അനുസരണം എന്നു വിളിക്കാനാവൂ.**

കാട്ടുതീയിൽ ജീവൻ നഷ്ടപ്പെട്ട ഒരു നായയുടെ യജമാനൻ പറഞ്ഞ കഥ ശ്രദ്ധിക്കൂ. ഒരു വനപാലകനായിരുന്നു അയാൾ. ഒരു ദിവസം രാവിലെ വനത്തിനടുത്തുള്ള ഒരു തുറസ്സായ സ്ഥലത്ത് തന്റെ ഉച്ചഭക്ഷണം ഒരുക്കിവച്ച് നായയെ കാവലിരുത്തി അയാൾ വനത്തിനുള്ളിലേക്ക് ജോലി ആവശ്യത്തിനായി കടന്നുപോയി. മണിക്കൂറുകൾക്കുശേഷം തിരികെവന്ന അയാൾ കണ്ടത് കാട്ടുതീയിൽ വെന്തുകിടക്കുന്ന നായയുടെ ശവമാണ്. അപ്പോഴും അത് യജമാനന്റെ ഭക്ഷണപ്പൊതിക്കടുത്തുനിന്ന് അല്പവും മാറിയിരുന്നില്ല! അഗ്നിയിൽ ജീവൻ അമരുമ്പോഴും യജമാനൻ തന്നെ നിർത്തിയ സ്ഥലത്തുനിന്ന് അണുവിടമാറുവാൻ– ഓടി രക്ഷപെടുവാൻ– ആ നായ തയ്യാറായില്ല! വിങ്ങിപ്പൊട്ടികൊണ്ട് ആ മനുഷ്യൻ പറഞ്ഞത്, " ഞാൻ എന്റെ നായയോട് വളരെ കരുതലോടെ മാത്രമേ എന്തും പറഞ്ഞിരുന്നുള്ളൂ; കാരണം, ഞാൻ എന്തു പറഞ്ഞാലും അവൻ കൃത്യമായി അതു അനുസരിച്ചിരിക്കും എന്ന ബോധ്യം എനിക്കുണ്ടായിരുന്നു!"

നായ കാണിച്ചതു ബുദ്ധിമോശമല്ലേ എന്നു നിങ്ങൾക്കു തോന്നിയേക്കാം. കഥയിൽ അങ്ങനെയാവാം. എന്നാൽ, അനുസരണം ദൈവത്തോടാകുമ്പോൾ അവിടെ ബുദ്ധിമോശത്തിന്റെ പ്രശ്നമൊന്നും ഉദിക്കുന്നില്ല.

വിശ്വസ്തതയോടെ ദൈവത്തെ അനുസരിക്കുന്നവരോടു പ്രത്യേകിച്ച് ഒന്നും പറയേണ്ടതില്ല. അവർ അനുസരണത്തിൽ സന്തോഷിക്കുന്നവരാണ്. എന്നാൽ അനുസരണം സമ്പൂർണമല്ലെങ്കിൽ, ചോറിനു കാവലിരുത്തുന്ന നായ യജമാനൻ മാറുമ്പോൾ അദ്ദേഹത്തിന്റെ പൊതി കടിച്ചുപൊട്ടിച്ചു തിന്നുന്ന നായയാണു എങ്കിൽ എന്തു ചെയ്യും? ഇവിടെയാണ് നമ്മുടെ വേദഭാഗത്തെ ദൈവിക

പ്രബോധനത്തിന്റെ പ്രസക്തി. ലേവ്യ പുസ്തകം 26-ാം അധ്യായത്തിലും ആവർത്തനപുസ്തകം 28-ാം അധ്യായത്തിലും ദൈവം, അനുസരിക്കുന്നവർക്കു അനുഗ്രഹവും നിരസിക്കുന്നവർക്ക് ശാപവും പ്രസ്താവിക്കുന്നതിന്റെ കാരണം യിസ്രായേലിന്റെ മത്സരസ്വഭാവമാണ്. എങ്ങനെ അനുസരിക്കാം എന്നല്ല, എങ്ങനെ അനുസരിക്കാതിരിക്കാനാവും എന്നാണ് അവരുടെ നോട്ടം. അതുകൊണ്ടു മത്സരികളായ കുട്ടികളോടു മാതാപിതാക്കൾ എന്നതുപോലെ, അനുസരിക്കാതിരിക്കുന്നതു ചെറുപ്പം മുതൽ ശീലമാക്കിയിരിക്കുന്ന യിസ്രായേലിനോട് ദൈവത്തിനു അനുസരിക്കുന്നതിലെ അനുഗ്രഹവും അനുസരണക്കേടിലെ ശാപവും ഒക്കെ പറഞ്ഞു പഠിപ്പിക്കേണ്ടിവരുന്നു. മക്കളായിപ്പോയില്ലേ, അവരെ അങ്ങനെയങ്ങു തള്ളിക്കളയാൻ പറ്റുമോ?

വിഗ്രഹങ്ങൾ ഉണ്ടാക്കരുതെന്നു ദൈവം ഓർപ്പിക്കുന്നു(ലേവ്യർ 26:1). കല്പന നേരത്തെ കൊടുത്തതാണ്... യഹോവയല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്; നിന്റെ ദൈവമായ യഹോവയെ നീ പൂർണഹൃദയത്തോടും പൂർണ മനസ്സോടും പൂർണശക്തിയോടുംകൂടെ സേവിക്കണം... ഇതു കല്പന. എന്നാൽ, മത്സരികളായ ജനം അനുസരിക്കേണ്ടേ? അതിനാൽ കർത്താവ് ഇവിടെ അനുസരിക്കുന്നവർക്കുള്ള പ്രതിഫലം വിവരിച്ചു പറയുന്നു:''ഞാൻ തക്കസമയത്തു നിങ്ങൾക്കു മഴതരും, ഭൂമി വിളവു തരും; വൃക്ഷം ഫലം തരും...'' (ലേവ്യർ 26:4). എന്നാൽ എന്റെ കല്പനകളെ നിങ്ങൾ ധിക്കരിച്ചാൽ(ലേവ്യർ 26: 15)''ഭീതി, ക്ഷയരോഗം, ജ്വരം എന്നിവ ഞാൻ നിങ്ങളുടെ മേൽ വരുത്തും... നിങ്ങൾ വിതയ്ക്കും, ശത്രുക്കൾ ഭക്ഷിക്കും...നിങ്ങൾ ശത്രുക്കളോടു തോറ്റുപോകും...'' (ലേവ്യർ 26: 16,17).

അനുസരണത്തിൽ ആനന്ദം കണ്ടെത്തുന്നവരോടു പ്രതിഫലവും ശാപവും ഒന്നും പറഞ്ഞില്ലെങ്കിലും സാരമില്ല. എന്നാൽ മരുഭൂമിയിലെ യിസ്രായേല്യസഭ യേശുവിന്റെ കാൽവറിയിലെ ത്യാഗപൂർണമായ സ്നേഹമൊന്നും കണ്ടിട്ടുള്ളവരല്ലല്ലോ. മോശെ പർവ്വതത്തിലേക്കു കയറിപ്പോയപ്പോൾ കാളക്കുട്ടിയെ ഉണ്ടാക്കിയ വെളിപ്പാടില്ലാത്ത ജനങ്ങൾക്ക്, വിഗ്രഹങ്ങളെ ഉണ്ടാക്കരുതെന്ന കല്പന മാത്രമല്ല, അതുൾപ്പടെയുള്ള ദൈവത്തിന്റെ കല്പനകൾ അനുസരിച്ചാലുള്ള അനുഗ്രഹത്തെപ്പറ്റിയുള്ള വിവരണവും കൂടെ പ്രോത്സാഹനമായി വേണ്ടിവന്നേക്കാം.

ഇന്നത്തെപ്പോലെ, വൈദ്യുതികൊണ്ടു പ്രവർത്തിപ്പിക്കുന്ന 'ഫ്ളവർ മില്ല്'കളോ എണ്ണയാട്ടുന്ന യന്ത്രങ്ങളോ ഇല്ലാതിരുന്ന കാലത്ത് മാവുപൊടിക്കുന്ന തിരികല്ലുകളിലും (Millstone). എണ്ണയാട്ടുന്ന ചക്കുകളിലും കല്ലു തിരിക്കുവാൻ കാളയയോ മറ്റു മൃഗങ്ങളെയോ കെട്ടിവലിപ്പിക്കുകയായിരുന്നു പതിവ്. ഈ മൃഗങ്ങൾ മുന്നോട്ടു നടക്കുവാനായി ചക്കു പ്രവർത്തിപ്പിക്കുന്നവർ തിരികല്ലിന്റെ ആക്സിലിൽനിന്ന് ഒരു കമ്പ് ഈ മൃഗത്തിന്റെ അല്പം മുമ്പിൽ മുകളിലായി വരത്തക്കവണ്ണം വച്ചുകെട്ടി, അതിൽ മൃഗത്തിനു ഇഷ്ടപ്പെട്ട പുല്ലോ മറ്റു ഭക്ഷ്യ വസ്തുക്കളോ കെട്ടിത്തൂക്കിയിടുമായിരുന്നു. തീറ്റ തിന്നാനുള്ള കൊതിയിൽ മൃഗം മുന്നോട്ടാഞ്ഞു നടക്കുമ്പോൾ ചക്ക് തിരിയാൻ തുടങ്ങും. എന്നാൽ ചക്കു തിരിയുന്നതനുസരിച്ച് അതിന്റെ ആക്സിലിൽ കെട്ടിവച്ചിരിക്കുന്ന കമ്പും അതിലെ തീറ്റയും മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കും. ഒരിക്കലും അതിനു ഈ തീറ്റയിൽ എത്തിപ്പിടിക്കാനാവില്ല. അതറിയാതെ ഈ മൂഢമൃഗം തുടർച്ചയായി മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കും. ഒടുവിൽ മാവു പൊടിഞ്ഞുകഴിയുമ്പോൾ ഉടമസ്ഥൻ മൃഗത്തെ അഴിച്ചുമാറ്റി അതിന്റെ മുമ്പിൽ കെട്ടിയിരുന്ന തീറ്റയും മറ്റനേകം തീറ്റസാധനങ്ങളും നല്കി സമൃദ്ധിയായി അതിനെ പരിപോഷിപ്പിക്കുന്നു.

യജമാനനോടു സ്നേഹമില്ലാതെ തീറ്റമാത്രം കൊതിച്ചു നടക്കുന്ന മൃഗത്തിനു ഇങ്ങനെയൊരു ട്രീറ്റ്മെന്റ് അത്യാവശ്യമായി വന്നേക്കാം. എന്നാൽ അനുസരണത്തിൽ ആനന്ദം കണ്ടെത്തുന്നവനു ഇതൊന്നും ആവശ്യമില്ല.

അനുസരിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്യുന്ന അനുഗ്രഹത്തെ ഇവിടെ വേണമെങ്കിൽ നാലായി തിരിക്കാം. 1. സമൃദ്ധി (prosperity) 2. സംരക്ഷണം (Protection) 3. സമാധാനം (Peace) 4. സാന്നിധ്യം (Presence)

"എന്റെ ചട്ടം അനുസരിച്ചു നടന്നാൽ (ലേവ്യർ 26:3) ഞാൻ നിങ്ങൾക്കു മഴ തരും, വിളവു തരും, ഫലം തരും (ലേവ്യർ 26:4); ഗോതമ്പു മെതിക്കുന്നതു മുന്തിരിപ്പഴം പാകമാകുംവരെ നില്ക്കും; മുന്തിരിയോ, അടുത്ത വർഷം ഗോതമ്പിന്റെ വിതകാലം വരെ നിൽക്കും-നിരന്തരമായി ഭക്ഷണം ലഭിക്കും(ലേവ്യർ 26:5). ഞാൻ നിങ്ങൾക്ക് സന്താനസമൃദ്ധി നല്കും (ലേവ്യർ 26:9); പുതിയ ധാന്യമെത്തുംവരെ പഴയത്

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# ദൈവത്തിനായി

നാം എല്ലാവരും തന്നെ ദൈവത്തിനായി പ്രവർത്തിക്കുകയാണല്ലോ. ലേഖനം എഴുതുന്നതും കൃത്യസമയത്തു എഡിറ്റുചെയ്യുന്നതും ഡി .ടി. പി ചെയ്യുന്നതും പേജുകൾ സെറ്റ്ചെയ്യുന്നതും ഡിസൈൻചെയ്യുന്നതും പ്രിന്റിങ്, ബൈൻഡിങ്, കട്ടിങ് എന്നിങ്ങനെ മാസികയുടെ വിവിധങ്ങളായ എല്ലാ ജോലികളും സമയബന്ധിതമായി തീർത്ത്, മേൽവിലാസക്കാരനു ലഭിക്കത്തക്ക നിലയിൽ എല്ലാ അനുബന്ധ ജോലികളും തീർത്തു അയയ്ക്കുന്നതും, ഓരോ വായനക്കാരനും അത് വായിക്കുന്നതും ദൈവത്തിനു വേണ്ടിയല്ലേ? പിന്നെയെന്തിനാണ് ഇങ്ങനെയൊരു തലക്കെട്ട്?

അതെ, അതുതന്നെയാണ് ഈ മാസത്തെ ചിന്ത. 'ഞങ്ങൾക്കല്ല യഹോവേ ഞങ്ങൾക്കല്ല; നിന്റെ ദയയും വിശ്വസ്തതയും നിമിത്തം നിന്റെ നാമത്തിനു തന്നെ മഹത്വം വരുത്തേണമേ' എന്നുള്ള തിരുവചനം നാം എത്രയോ തവണ ഉദ്ധരിക്കുകയും കേൾക്കുകയും ചെയ്തിരിക്കുന്നു. ആരാധനയിൽ മഹത്വം ദൈവത്തിനു തന്നെ കൊടുക്കണം എന്നറിയാവുന്ന നാം അറിഞ്ഞോ അറിയാതെയോ എത്രയോ തവണ സ്വയമഹത്വം അന്വേഷിക്കുകയും അത് സാധ്യമാക്കുവാനുള്ള കുറുക്കുവഴിയായി മറ്റുള്ളവരെ പുകഴ്ത്തുകയുംചെയ്യുന്നു. സഭയിലെ സമ്പന്നരെയും ഉയർന്ന സ്ഥാനീയരെയും കണക്കിലധികം പുകഴ്ത്തുന്ന ഒരു കൂടിവരവിലും മഹത്വം ദൈവത്തിനാകയില്ല. ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും വിട്ടുകൊടുക്കയില്ല എന്നുള്ള കർത്താവിന്റെ വാക്ക് പൂർണ്ണഗൗരവത്തോടെ നാം എടുക്കണം. 50:50 എന്ന പരിപാടിക്ക് എന്നെ കിട്ടില്ല എന്നുതന്നെയാണ് സർവ്വശക്തൻ അർത്ഥമാക്കുന്നത്.

രണ്ടു ലക്ഷം മുതൽ രണ്ടു കോടി വരെ പണം ചിലവഴിച്ചു നടത്തുന്ന സുവിശേഷ യോഗത്തിൽ സ്പോൺസർ മുതൽ അതിഥി പ്രസംഗകൻ വരെയുള്ളവർക്ക് മഹത്വം കൊടുത്ത ശേഷം 'എല്ലാം അങ്ങേ മഹത്വത്തിനായി' എന്ന് പാടിയാൽ പ്രസാദിക്കുന്ന ദൈവമല്ല നമ്മുടെ ദൈവം. അർഹതപ്പെട്ടവർക്ക് നന്ദിയും ബഹുമാനവും നൽകണം. പക്ഷെ അമിതമായാൽ ദൈവത്തിനുള്ള മഹത്വം അപഹരിക്കപ്പെടും. ഒരു വേദിയിൽ ഒന്നിന് പിന്നാലെ ഒന്നായി ഓരോരുത്തരായി ഒരേ ആളുകളെ പലപ്രാവശ്യം പുകഴ്ത്തുന്ന രീതി പൂർണമായും അവസാനിപ്പിക്കേണ്ടതാണ്. ചില മീറ്റിംഗുകളിൽ പതിനഞ്ചിലധികം നേതാക്കന്മാരുടെ പേരുകൾ എടുത്തു പറഞ്ഞു അവരെ പുകഴ്ത്തുന്നു. ഒരാളല്ല പലർ അത് ആവർത്തിച്ചാൽ

**ചില മീറ്റിംഗുകളിൽ പതിനഞ്ചിലധികം നേതാക്കന്മാരുടെ പേരുകൾ എടുത്തു പറഞ്ഞു അവരെ പുകഴ്ത്തുന്നു. ഒരാളല്ല പലർ അത് ആവർത്തിച്ചാൽ എന്തൊരു നാണക്കേടാണ്. സ്വാഗതപ്രസംഗകൻ മാത്രം അത് ചെയ്യട്ടെ.**

എന്തൊരു നാണക്കേടാണ്. സ്വാഗത പ്രസംഗകൻ മാത്രം അത് ചെയ്യട്ടെ. ബാക്കിയുള്ളവർ വചനം പ്രസംഗിച്ചു ദൈവത്തിനു മഹത്വം കരേറ്റട്ടെ. സഭയ്ക്കുവേണ്ടി രക്തം ചിന്തി നമ്മെ വീണ്ടെടുത്ത കർത്താവിനല്ലാതെ ആർക്കും മഹത്വം പോകരുതേ...

ആരാധനയും കൺവെൻഷനും മാത്രമല്ല പ്രാർത്ഥനയും സ്വയമഹത്വത്തിനാകരുത്. നമ്മുടെ രഹസ്യ പ്രാർത്ഥനയും പരസ്യപ്രാർത്ഥനയും കൂട്ടായുള്ള പ്രാർത്ഥനയും ഉപവാസപ്രാർത്ഥനയുമൊന്നും സ്വാർത്ഥത കലരുന്നതാകരുതു. ഇത് നാം സ്വയം ശോധന ചെയ്യേണ്ടതുമാണ്. നമ്മുടെ സ്വന്തത്തിലും ബന്ധത്തിലും ഉൾപ്പെടാത്തവർക്ക് വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുമ്പോൾ അത് ദൈവത്തിനു പ്രസാദമായിത്തീരും. അതായതു ഒരിക്കൽപോലും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ദേശങ്ങൾക്കും വ്യക്തികൾക്കും വേണ്ടി ഇടിവിൽ നിന്ന് പ്രാർത്ഥിക്കുവാൻ ദൈവം നമ്മെ വിളിക്കുന്നു. അബ്രഹാം സോദോമിന് വേണ്ടി ഇടിവിൽ നിൽക്കുന്ന കാര്യം ഉല്പത്തിപ്പുസ്തകം പതിനെട്ടാം അധ്യായത്തിൽ കാണുന്നു. ആ ദേശത്തു അബ്രഹാമിന് ആരാണുള്ളത്? ഒരുവൻ ഉള്ളത് ലോത്താണ്. അവൻ അബ്രഹാമിനെ വേദനിപ്പിച്ചു, അർഹിക്കാത്ത സ്വത്തും കരസ്ഥമാക്കി പോയവനാണ്. ആ പട്ടണത്തിൽ പക്ഷെ നൂറു നീതിമാന്മാരുണ്ടെങ്കിൽ അവിടുന്ന് പട്ടണത്തെ നശിപ്പിക്കുമോ എന്ന് ദൈവത്തോട് കരഞ്ഞപേക്ഷിക്കുമ്പോൾ ലോത്തിന്റെ കുടുംബത്തെ മാത്രമല്ല താൻ ഓർത്തതെന്നു വ്യക്തമാണല്ലോ. ആ നിസ്വാർത്ഥമായ പ്രാർത്ഥനയ്ക്ക് മുമ്പിൽ ദൈവം എത്ര ശ്രദ്ധയോടെ നിൽക്കുന്നു എന്നത് കാണുക. പുറപ്പാട് 32 : 26 ൽ ഒരു വചനം കാണുന്നു. അത് ഈ തലമുറയോടുള്ള ദൈവത്തിന്റെ ദൂതാണ്. 'യഹോവയുടെ പക്ഷത്തുള്ളവൻ എന്റെ അടുക്കൽ വരട്ടെ', മോശെയുടെ പക്ഷത്തും അഹരോന്റെ പക്ഷത്തും കോരഹിന്റെ പക്ഷത്തും ചേർന്ന് നിൽക്കാൻ ആളുണ്ട്. എന്നാൽ യഹോവയുടെ പക്ഷത്തു നിൽക്കുന്നവരെയാണ് ഇന്ന് ആവശ്യം. ലോകത്താകമാനമുള്ള ക്രിസ്തീയ സഭ ഇന്ന് പലരുടെ പക്ഷത്തായിരിക്കുകയാണ്. ക്രിസ്തീയ സഭകളിലെ പക്ഷം തിരിഞ്ഞുള്ള തർക്കങ്ങൾ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. കൊരിന്തിലെ സഭയിൽ കേഫാവിന്റെ പക്ഷവും പൗലോസിന്റെ പക്ഷവും അപ്പൊല്ലോസിന്റെ പക്ഷവും എന്ന പേരിൽ ആണ് തിരിഞ്ഞതെങ്കിൽ ഇന്നത്തെ മികച്ച സഭകൾ എന്നവകാശപെടുന്നവർ ആരുടെ പക്ഷത്താണ്?

നമ്മുടെ പ്രാർത്ഥനയും ആരാധനയും പ്രവർത്തനവും മാത്രം അല്ല, നമ്മുടെ ജീവിതം തന്നെ കർത്താവിനു വേണ്ടി ആകണമെന്നാണ് കർത്താവു ആഗ്രഹിക്കുന്നത്. എന്തുകൊണ്ടെന്നാൽ അവൻ നമുക്കായി തന്റെ ജീവനെ തന്നു. എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കായി മരിച്ചുയർത്തവനായിട്ടു ജീവിക്കേണ്ടതിനു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നാണ് തിരുവചനം ഘോഷിക്കുന്നത്. ( 2 കൊരിന്ത്യർ 5:14)

നാം അവനായി ജീവിക്കുവാൻ
അവൻ നമുക്കായി മരിച്ചുവല്ലോ
അവൻ നമുക്കായി ജനിച്ചു
നമുക്കായി ജീവിച്ചു നമുക്കായി മരിച്ചുവല്ലോ. ■

STATEMENT OF OWNERSHIP AND OTHER PARTICULARS
ABOUT THE NEWSPAPER NERVEEDHI

Form1V-see Rule 8

| | | |
|---|---|---|
| 1. Place of publication | : | Kottayam |
| 2. Periodicity of the publication | : | Monthly |
| 3. Printer's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | Mackal House<br>Amayannoor P.O<br>Kottayam 686019 |
| 4. Publisher's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | As above |
| 5. Editor's Name | : | P.V. Varghese |
| Whether citizen of India | : | Yes |
| Address | : | Pylithanathu House<br>Amayannoor P O<br>Kottayam 686019 |

6. Name and Address of individuals who own the newspaper and partners or share holders holding more than one percent of total capital. The Newspaper is owned by Righteous Path Publication Trust.

Trustees:
1. Joykutty Mackal Thomas, Mackal House, Amayannoor P.O, Kottayam 686019
2. James M.T., Mackal House, Amayannoor P.O, Kottayam 686019

I, James M.T., hereby declare that the particulars given above are true to the best of my knowledge and belief.

Kottayam
10-3-2021

Sd/-
Publisher



**ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ**

# വിഷണ്ഡതയെ എങ്ങനെ നേരിടണം?

ആത്മികരായി, നല്ല സാക്ഷ്യത്തോടെ ജീവിച്ചിരുന്ന ചിലരെക്കുറിച്ചു; അവർക്കെന്തുപറ്റി? കൃപയിൽനിന്ന് വീണുപോയല്ലോ, എന്ന് ചിലർ ചിന്തിക്കുകയും പറയുകയും ചെയ്തേക്കാം. അവർ പറയുന്നത് വാസ്തവവും ആയിരിക്കാം. എന്നാൽ മിക്കവരിലും വീഴ്ച സംഭവിക്കുന്നതിനു മുമ്പായിട്ടു അവരിൽ പലരും ഏതെങ്കിലും ഒക്കെ ഇടർച്ചക്കല്ലിൽ തട്ടി ഗൗരവമായ ഇച്ഛാഭംഗത്തിൽ അകപ്പെട്ടു എന്നതാണ് ആദ്യമായി സംഭവിക്കുന്നത്. ഇവിടെ അവരവരുടെ കണക്കുകൂട്ടലുകൾക്കു ഒത്തവണ്ണം ആത്മിക വിഷയങ്ങളിൽ അവർ ശോഭിച്ചില്ല എന്നതായിരിക്കാം അവരെ ഇച്ഛാഭംഗത്തിലേക്കു നയിച്ച സാഹചര്യം. ഇച്ഛാഭംഗം അഥവാ നിരാശ വിഷണ്ഡമനസിന്റെ ഏതെങ്കിലും ഒരു രൂപഭേദം മാത്രമല്ല അതിന്റെ അനന്തര ഫലമായി കടുത്ത നിരാശ നമ്മുടെ ഹൃദയത്തെ തകർത്തു വിശ്വാസത്തിൽ നിന്ന് വിച്ഛേദിക്കുക പോലും ചെയ്തേക്കാം. ഇത്തരം ഗുരുതര പ്രത്യാഘാതങ്ങൾ ഈ ഇച്ഛാഭംഗത്തിൽ മറഞ്ഞിരിക്കുന്നുണ്ട്. ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന ലക്ഷ്യത്തിൽ എത്തുന്നതിനു തടസ്സം സൃഷ്ടിക്കുവാൻപോലും പര്യാപ്തമാണ് കടുത്ത നിരാശ.

**ആത്മിക വിഷയങ്ങളിൽ അവർ ശോഭിച്ചില്ല എന്നതായിരിക്കാം അവരെ ഇച്ഛാഭംഗത്തിലേക്കു നയിച്ച സാഹചര്യം. കടുത്ത നിരാശ നമ്മുടെ ഹൃദയത്തെ തകർത്തു വിശ്വാസത്തിൽ നിന്ന് വിച്ഛേദിക്കുക പോലും ചെയ്തേക്കാം**

തങ്ങളുടെ ജീവിതം നല്ല രീതിയിൽ നയിച്ചുകൊണ്ട് തികഞ്ഞ പ്രത്യാശയോടെ ലക്ഷ്യത്തിലേക്കു യാത്ര ചെയ്തിരുന്ന അനേകരെ എനിക്കറിയാം. ദൈവം അവർക്കായി ഒരുക്കിയിരുന്ന അവരുടെ ഭാവി കൈയെത്തും ദൂരത്തായപ്പോൾ നിരാശ നിമിത്തം അവർ തന്നെ നഷ്ടപ്പെടുത്തുന്ന ഒരു ദു:ർഗതിയിലേക്കു അധ:പ്പതിക്കുകയുണ്ടായി. ഏതോ പ്രത്യേക സന്ദർഭത്തിൽ ആരോ പറഞ്ഞ ഒരു വാക്കോ, ഏതോ ഒരു സംഭവമോ ആകാം, ഒഴിവാക്കാമായിരുന്ന ഈ ഹൃദയത്തകർച്ചയ്ക്ക് കാരണം. കലങ്ങിയ മനസിനെ ശത്രുവായ പിശാച് അവിഹിതമായി, കൗശലത്താൽ സ്വാധീനിച്ചു നിരാശയിലേക്കും ക്രമേണ അത് ആത്മിക പിന്മാറ്റത്തിലേക്കും കൊണ്ടെത്തിക്കുന്നു. ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും നഷ്ടപ്പെട്ടാൽ ആ മനസ്സ് വഷളായി പോകുമെന്ന് വചനത്തിൽ വ്യക്തമായ മുന്നറിയിപ്പ് നമുക്ക് നൽകിയിട്ടുണ്ട്. ആകയാൽ മനസ്സിനെ കലക്കുന്ന എന്തുതന്നെ സംഭവിച്ചാലും അതെല്ലാം എന്റെ നന്മയ്ക്കായി കർത്താവു ചെയ്യുന്നതാണ്

എന്നും, പിശാച് ലക്ഷ്യമിടുന്ന ദോഷമല്ല, മറിച്ചു അവൻ പ്രതീക്ഷിക്കാത്ത നന്മ നൽകി അനുഗ്രഹിക്കുന്നവനാണ് യേശുകർത്താവ് എന്നുമുള്ള ഉറപ്പും ധൈര്യവും ആണ് നമ്മുടെ ആത്മിക മുന്നേറ്റത്തിന് വളരെ ഫലപ്രദം. മനസിനെ വിഷണ്ഡ അവസ്ഥയിലേക്ക് നയിക്കുന്ന ശക്തിയെ തകർത്തു ജയമെടുക്കുവാൻ കർത്താവിലുള്ള അചഞ്ചലമായ വിശ്വാസവും പ്രത്യാശയും ആയുധങ്ങളാണ്.

തിരുവെഴുത്തിൽ പരാമർശിക്കുന്ന, അമാനുഷരെന്നു നമുക്ക് തോന്നുന്ന പലരുടെയും ജീവിതത്തിൽ കടുത്ത നിരാശയും വിഷാദവും ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് കർമ്മേൽ പർവ്വതത്തിൽ വച്ച് ആഹാബ് രാജാവിന്റെയും വലിയ ഒരു ജനക്കൂട്ടത്തിന്റെയും മുൻപിൽ വച്ച് ആകാശത്തു നിന്ന് തീയിറക്കി യാഗമർപ്പിച്ച ഏലീയാവിനു, തന്റെ ശുശ്രൂഷയാൽ ആർക്കും ഒരു മാനസാന്തരമോ, മടങ്ങിവരവോ ഉണ്ടായില്ല എന്ന വസ്തുത തിരിച്ചറിഞ്ഞപ്പോൾ കടുത്ത നിരാശയുടെ അനുഭവമാണ് ഉണ്ടായത്. എങ്കിലും ദൈവം തന്റെ ദൂതനെ അയച്ചു അവനെ തട്ടി ഉണർത്തി അപ്പവും വെള്ളവും നൽകി ബലപ്പെടുത്തി, തുടർന്നുള്ള വർഷങ്ങളിൽ ദൈവത്തിന്റെ ശുശ്രൂഷയിൽ ശോഭിക്കുവാൻ തക്കവണ്ണം ദൈവം ഇടപെട്ടു, തന്റെ മനസ്സ് ഉറപ്പിച്ചു, ഏലിയാവിനു നിരാശയെ അതിജീവിക്കുവാൻ അതിനാൽ സാധിച്ചു. ദൈവം എന്നോടുകൂടെ ഉണ്ട് എന്ന പ്രത്യാശയാൽ മാത്രമേ നിരാശയുടെ നാരായവേരറക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ദൈവത്തിലുള്ള പ്രത്യാശ മാത്രം കൈമുതലാക്കിക്കൊണ്ടാണ് നെഹെമ്യാവ് ഭീഷണിയെയും നിരാശയുടെ പ്രലോഭനത്തെയും ജയിച്ചത്. ഇവിടെ സൻബെല്ലത്തും തോബിയാവും കൂലിക്കെടുത്തയച്ച ഒരു കള്ളപ്രവാചകനെയായിരുന്നു സാത്താൻ ഉപയോഗിച്ചത്. എന്നാൽ അവരുടെ ഭീഷണിയുടെ മുൻപിൽ പതറാതെ, 'എന്നെപ്പോലെ ഒരുവൻ ഓടിപോവുകയോ, ഒളിക്കുകയോ ചെയ്യുമോ', എന്ന ശക്തമായ പ്രതികരണമായിരുന്നു നെഹമ്യാവിന്റെത്. മാത്രമല്ല ദൈവത്തിന്റെ കൈ തനിക്കു അനുകൂലമെന്ന് താൻ കൂടെക്കൂടെ പറഞ്ഞു കൊണ്ട് ദൈവത്തിലുള്ള തന്റെ അടിയുറച്ച വിശ്വാസത്തെ ഏറ്റുപറയുകയും ചെയ്തിരുന്നു.

നമ്മുടെ മനസ്സിൽ പകയുടെയും വിദ്വേഷത്തിന്റെയും വിത്തുകൾ മുളപ്പിച്ചാണ് പിശാച് വിഷണ്ഡതയിലേക്കു നടത്തുന്നത്. ഇത് ദൈവത്തോടുള്ള നമ്മുടെ ബന്ധത്തെ നിഷ്ക്രിയത്വത്തിലേക്കു നയിക്കുന്നു. നാം നിത്യജീവനായി നിയമിക്കപ്പെട്ടവരാണ്. നിയമിക്കുക എന്നതിന് ഇംഗ്ലീഷിൽ അപ്പോയിന്മെന്റ് (appointment) എന്നാണ് പറയുന്നത്. കടുത്ത നിരാശയ്ക്കു ഡിസപ്പോയിന്മെന്റ് (disappointment)എന്നും. ഒരർത്ഥത്തിൽ അപ്പോയിന്മെന്റ് എന്നതിന്റെ വിപരീത പദമാണ് ഡിസപ്പോയിന്മെന്റ് എന്നത്. അതുകൊണ്ടു ദൈവീക നിയമനത്തിന്റെ ഖണ്ഡനമാണ് നിരാശയിലൂടെ പിശാച് ലക്ഷ്യമിടുന്നത്. ഇത്തരം അനുഭവത്തിലൂടെ കടന്നു പോകുന്നവരുടെ വിഷണ്ഡത പൊട്ടിച്ചെറിഞ്ഞു അവരെ മുന്നോട്ടു നയിക്കണമെന്ന ചിന്ത ദൈവത്തിന്റെ ഹൃദയത്തിലുണ്ട്, എങ്കിലും അവിശ്വാസം അവനെ ദൈവത്തിങ്കൽ നിന്ന് ഒറ്റപ്പെടുത്തിയിരിക്കുകയാണ്. ഇത് തിരിച്ചറിഞ്ഞു പിശാചിനോടു പോരാടേണ്ടതിനു വിശ്വാസം എന്ന പരിചയും ദൈവവചനമാകുന്ന വാളും ധരിച്ചു ജാഗരൂകരായി നിലകൊള്ളേണ്ടതാണ്.

പ്രത്യാശയ്ക്കു മങ്ങലേറ്റപ്പോൾ അവരുടെ മനസ്സ് രോഗാതുരമായി. കടുത്ത നിരാശയുടെ പ്രാണവേദനയിലും നീതിമാൻ വിശ്വാസത്തിലൂന്നി ഒരു ജയജീവിതം നയിക്കുന്നു. ദർശനത്തിന്റെ നിർദിഷ്ടസമയം വരുവാനിരിക്കുന്നതേയുള്ളു. അത് ലക്ഷ്യത്തിലേക്കു അതിവേഗം നീങ്ങുന്നു. അത് വ്യാജമാവുകയില്ല. അത് മന്ദഗതിയിലാണ് വരുന്നത് എന്ന് തോന്നുന്നു എങ്കിൽ കാത്തിരിക്കുക. അത് വന്നെത്തും, വൈകുകയില്ല നിശ്ചയം (ഹബക്കൂക് 2:3). നിരാശയ്ക്കു ഇടം കൊടുക്കാതെ പ്രത്യാശയിലൂന്നി ജീവിക്കുന്നവരുടെ മനോഭാവം ഇങ്ങനെയായിരിക്കും. പിശാച് ശ്രമിക്കുന്നത് വിഷണ്ഡതയുടെ ശക്തിയെ മനസ്സുകൊണ്ട് അംഗീകരിപ്പിക്കുവാനും ദൈവകല്പിതമായ ശുഭഭാവിക്കു ഭംഗം വരുത്തുവാനാണ്. മനസ്സിന്റെ ധൈര്യം ക്ഷയിച്ചാൽ ബലഹീന മനസ്സ് പിശാചിനുള്ള ഇടം ആയി മാറും. പുരുഷന്റെ ധീരത അവന്റെ ദീനത്തെ സഹിക്കും. ദൈവത്തിന്റെ വാഗ്ദത്ത വചനങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ചു ഏറ്റു പറയുമ്പോൾ നമുക്ക് ധൈര്യവും ബലവും കൊണ്ട്, മനസ്സിന്റെ അരമുറുക്കുവാൻ കഴിയും. ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്, ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു, ഞാൻ നിന്നെ

ശേഷം പേജ് 18



പി.വി.വർഗീസ്

# യേശു നേരിട്ട വിമർശനങ്ങളും പരിഹാസങ്ങളും

യേശു രാജാധിരാജാവാണ്, അവിടുന്ന് മനുഷ്യജന്മം എടുത്തതുതന്നെ 'രാജാവായി പിറന്നവൻ' എന്ന വിശേഷണത്തോടെയാണ്. 'രാജാവായി പിറന്നവൻ എവിടെ?' (മത്തായി 2: 2) എന്ന് ചോദിച്ചുകൊണ്ടാണ് കിഴക്കുനിന്നുള്ള വിദ്വാന്മാർ യേശുക്കുഞ്ഞിനെ അന്വേഷിച്ചു വന്നത്. അങ്ങനെ, രാജാധിരാജാവായിരുന്നവൻ, രാജാവായി പിറന്നവൻ, സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ചു നിന്ദകളും ആക്ഷേപങ്ങളും വിമർശനങ്ങളും ഏറ്റുവാങ്ങിക്കൊണ്ട് മനുഷ്യരക്ഷയ്ക്കായി തന്റെ ശുശ്രൂഷ നിവർത്തിച്ചത് നാം പിന്തുടരേണ്ടതിനു അവിടുന്ന് കാണിച്ചുതന്ന ഉത്തമ മാതൃകയാണ്. മടുത്തുപോകാതെ, വാടിപ്പോകാതെ, ഉത്സാഹത്തോടെ യേശുവിനെ അനുഗമിക്കുവാൻ ഏതു പ്രതിസന്ധികളെയും തരണം ചെയ്തു നമ്മെ ഏൽപ്പിച്ച ദൗത്യം പൂർത്തീകരിപ്പാൻ യേശുവിന്റെ മാതൃക നമുക്ക് പ്രചോദനമേകുക തന്നെ ചെയ്യും.

ഇവൻ ആ മരപ്പണിക്കാരനല്ലേ? മറിയാമിന്റെ മകൻ? യാക്കോബ്, യോസെ, യൂദാ, ശിമയോൻ എന്നിവരുടെ സഹോദരൻ? ഇവന്റെ സഹോദരിമാരും ഇവിടെ നമ്മോടൊപ്പമില്ലേ? (മർക്കോസ് 6:3). സ്വന്തദേശമായ നസ്രേത്തിലെ പള്ളിയിൽ ശാബത് ദിവസം യേശു വചനം പഠിപ്പിച്ചു. അവിടെ വചനം കേട്ടവർ പലരും അത്ഭുതപരതന്ത്രരായി എങ്കിലും യേശുവിനെ പരിഹസിച്ചാണ് പ്രതികരിച്ചത്. അവരുടെ പരിഹാസവാക്കുകളാണ് മേലുദ്ധരിച്ച വചനം, അത്ഭുതപ്പെടുത്തുന്ന വചനമായിരുന്നു കേട്ടത് എങ്കിലും ഒരു പ്രോത്സാഹനത്തിന്റെ വാക്ക് പറയുവാൻ അവർക്കാർക്കും കഴിഞ്ഞില്ല. മുറ്റത്തെ മുല്ലയ്ക്ക് മണമില്ല എന്ന ചൊല്ല് പോലെ, വലിയ വിദ്യാഭ്യാസം ഇല്ലാത്തവനും മരപ്പണിക്കാരനും ആണ് എങ്കിലും ഇത്രയും മികവാർന്ന രീതിയിൽ പഠിപ്പിക്കുവാൻ കഴിഞ്ഞല്ലോ എന്നതിന് പകരം, അവനെന്തു പറഞ്ഞാലെന്താ, ഇവനെ നമുക്കറിഞ്ഞു കൂടെ, മരപ്പണിക്കാരനല്ലേ, എന്നിങ്ങനെ പരിഹാസവും വിമർശനവും കലർന്ന, പ്രതികരണമായിരുന്നു പരിചിതരായിരുന്ന സ്വന്ത നാട്ടുകാരിൽ നിന്ന് യേശു അഭിമുഖീകരിച്ചത്. അപ്പോൾ യേശു അവരോടു പറഞ്ഞത്: ഒരു പ്രവാചകന് സ്വന്ത ദേശത്തും ചാർച്ചക്കാരുടെയിടയിലും സ്വഭവനത്തിലും മാത്രമേ ബഹുമതി ലഭിക്കാതിരിക്കുന്നുള്ളു എന്നാണ്. അവിടെ ചില രോഗികളെ കൈവച്ചു

**ഉത്സാഹത്തോടെ യേശുവിനെ അനുഗമിക്കുവാൻ ഏതു പ്രതിസന്ധികളെയും തരണം ചെയ്തു നമ്മെ ഏൽപ്പിച്ച ദൗത്യം പൂർത്തീകരിപ്പാൻ യേശുവിന്റെ മാതൃക നമുക്ക് പ്രചോദനമേകുക തന്നെ ചെയ്യും**

സുഖപ്പെടുത്തിയതല്ലാതെ മറ്റു അത്ഭുതങ്ങളൊന്നും ചെയ്തില്ല.

യേശുവിന്റെ പ്രതികരണം അവരുടേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു എന്നത് ശ്രദ്ധേയമാണ്. പരിഹാസത്തിനു പകരം സൗഖ്യം നൽകി നന്മ ചെയ്തുകൊണ്ട് നല്ല മാതൃക സ്വന്തദേശത്തു യേശു കാണിച്ചു. ലൂക്കോസ് 4:28,29 വേദഭാഗങ്ങളിൽ വചനം കേട്ടവർ യേശുവിനോടുള്ള കോപത്താൽ നിറഞ്ഞു എന്ന് കാണുന്നു. അവർ എഴുന്നേറ്റു യേശുവിനെ നഗരത്തിനു പുറത്താക്കി, പട്ടണം പണിതിരുന്ന കുന്നിന്റെ മുകളിൽ നിന്നും തലകീഴായി തള്ളിയിടുവാൻ ഭാവിച്ചു. എങ്കിലും പ്രതികാരമൊന്നും ചെയ്യാതെ പുരുഷാരത്തിന്റെ നടുവിലൂടെ യേശു കടന്നു പോയി. തന്റെ ശിഷ്യന്മാർ ആരോടും ദോഷമായി പ്രതികരിക്കാതിരിക്കേണ്ടതിനു യേശു മുൻപ് കൂട്ടി തനിക്കു നേരിടേണ്ടി വരാവുന്ന അനുഭവങ്ങളെക്കുറിച്ചു അവരോടു പറഞ്ഞു: മനുഷ്യപുത്രൻ വളരെ കഷ്ടം സഹിക്കുകയും ഈ തലമുറയാൽ ഉപേക്ഷിക്കപ്പെടുകയും ചെയ്യും എന്നതിന്റെ നിവൃത്തിയാണ് ഈ വിമർശനങ്ങളും കോപത്തോടെയുള്ള പ്രതികരണങ്ങളും എന്നായിരുന്നു അത്. യേശു അവരോടു എതിർത്തില്ല എന്ന് മാത്രമല്ല തന്റെ ശിഷ്യന്മാരും വിമർശകരോട് എതിർക്കാതിരിക്കേണ്ടതിനു മുമ്പുകൂട്ടി അവരോടു ഇങ്ങനെ സംസാരിച്ചു സാന്ത്വനപ്പെടുത്തുകയായിരുന്നു. എത്ര നല്ല പ്രതികരണം!

അമേരിക്കയുടെ പ്രസിഡന്റായിരിക്കവേ എബ്രഹാം ലിങ്കനോട് പരിഹാസപൂർവ്വം ഒരു സെനറ്റ് മെമ്പർ ദ്വയാർത്ഥത്തിൽ ഇങ്ങനെ പറഞ്ഞു: ഞാൻ ധരിച്ചിരിക്കുന്ന ഷൂസ് താങ്കളുടെ പിതാവ് ഉണ്ടാക്കിയതാണ്. നാടൻ ഭാഷയിൽ പറഞ്ഞാൽ, നീ ഒരു ചെരുപ്പുകുത്തിയുടെ മകനല്ലേ എന്ന പ്രകോപനപരമായ പരിഹാസത്തിനു ലിങ്കൺ പറഞ്ഞ മറുപടി ശ്രദ്ധേയമായിരുന്നു. എന്റെ പിതാവ് ഉണ്ടാക്കി തന്ന ഷൂസ് ഇപ്പോഴും താങ്കൾ ഉപയോഗിച്ച് കൊണ്ടിരിക്കുന്നു എന്ന് പറഞ്ഞതിനാൽ എന്റെ പിതാവിനെ ആദരിച്ചുകൊണ്ടു ഒരു നല്ല ചെരുപ്പുകുത്തിയായി അംഗീകരിച്ചതിൽ വളരെ നന്ദിയുണ്ട്. ഏതെങ്കിലും കാരണവശാൽ എന്തെങ്കിലും കേടുപാടുകൾ ഷൂസിനു സംഭവിച്ചാൽ, എന്നെ ഏൽപ്പിക്കുക, ഉത്തരവാദിത്വത്തോടെ ഞാൻ അത് നന്നാക്കി തരാം. അദ്ദേഹത്തിന്റെ വിശാലമനസ്കത അവിടെ വലിയ കരഘോഷം മുഴങ്ങുവാൻ കാരണമായി. യേശുവിനെ അനുഗമിച്ചിരുന്ന ഒരു നല്ല വിശ്വാസിയായിരുന്നതിനാൽ, തന്നെ പരിഹാസരൂപേണ വിമർശിച്ചവരോട് ഇങ്ങനെ പ്രതികരിപ്പാൻ അദ്ദേഹത്തിന് സാധിച്ചു. നന്മയാൽ തിന്മയെ ജയിച്ച നല്ല ഒരു ഉദാഹരണം.

മറ്റൊരു സന്ദർഭത്തിൽ യേശുവിനു ഭ്രാന്തുണ്ടു എന്ന് പറഞ്ഞുകൊണ്ട് അവന്റെ സ്വന്ത കുടുംബക്കാർ അവനെ പിടിച്ചുകെട്ടി കൊണ്ടുപോകുവാനുള്ള എല്ലാ സന്നാഹങ്ങളോടുംകൂടെ വന്നു (മർക്കോസ് 3:21). നോക്കുക, ഇവിടെ പരിചയക്കാരോ നാട്ടുകാരോ അല്ല വന്നിരിക്കുന്നത്, മറിച്ചു സ്വന്ത കുടുംബക്കാർ തന്നെയാണ് എന്ന വസ്തുത ഹൃദയഭേദകമല്ലേ? ഉള്ളം കലക്കുന്ന ഈ അനുഭവം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ നമുക്കും അനുഭവിക്കേണ്ടി വന്നിട്ടുണ്ടായിരിക്കാം. എങ്കിൽ ഇത്തരം സാഹചര്യങ്ങളിൽ നാം അനുഭവിക്കുന്ന മാനസികവ്യഥ നമ്മുടെ കർത്താവിനു നന്നായി അറിയാം എന്നത് നമുക്ക് ആശ്വാസം പകരുന്ന ഒരു ചിന്തയാണ്. എന്നാൽ ഇവിടെയൊന്നും നമ്മുടെ കർത്താവു പതറുകയോ കലങ്ങുകയോ മടുപ്പുള്ളവനായി മാറുകയോ ഒന്നും ചെയ്തില്ല. മാത്രമല്ല ഇതൊന്നും തന്നെ ബാധിക്കാത്ത കാര്യം എന്നപോലെ തന്റെ ദൗത്യവുമായി മുന്നേറുകയാണുണ്ടായത്.

നന്മ മാത്രം ചെയ്തുകൊണ്ട് പട്ടണംതോറും ഗ്രാമംതോറും ചുറ്റിസഞ്ചരിച്ച യേശു അനേകർക്ക് ആശ്വാസകാരണമായപ്പോൾ അവനെ ഒരു ചതിയൻ എന്നാണ് നേതൃത്വം വിലയിരുത്തിയിരുന്നത്. അതുകൊണ്ടാണല്ലോ യേശുവിന്റെ മരണശേഷം പോലും ആ പരിഹാസവാക്കു അവർ ഉപയോഗിച്ചത് (മത്തായി 27: 62). ശുശ്രൂഷകളിലും യേശുവിനെ ആക്ഷേപിക്കുന്ന ധാരാളം സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. യെരുശലേമിൽ നിന്നുവന്ന ശാസ്ത്രിമാരും അവന് ബെൽസെബൂൽ ഉണ്ട്, ഭൂതങ്ങളുടെ തലവനെക്കൊണ്ട് അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്ന് പറഞ്ഞു (മർക്കോസ് 3: 22). ദീർഘ നാളുകളായി വേദന അനുഭവിച്ചിരുന്ന കുടുംബങ്ങൾക്ക് യേശു ആശ്വാസം പകർന്നു നൽകിയപ്പോൾ അവരുടെ ആശ്വാസം കണ്ടു സന്തോഷിക്കുന്നതിനു പകരം നന്ദികേടിന്റെ മുറിപ്പെടുത്തുന്ന വാക്കുകൾ പറഞ്ഞു വേദനിപ്പിക്കുവാൻ ശ്രമിക്കയാണുണ്ടായത്. സാധാരണക്കാരനായ ഏതൊരു മനുഷ്യനും പതറിപ്പോയേക്കാവുന്ന ഒരു സാഹചര്യമായിരുന്നു ഇത്. പക്വതയി

ല്ലാത്ത മാനുഷിക വിമർശനങ്ങളിലൂടെ മറുപടി പറയാതെ, പക്വതയാർന്ന ദൈവിക ആലോചനകളാണ് യേശു പറഞ്ഞത്. തീർച്ചയായിട്ടും നാം പിന്തുടരേണ്ട ഒരുത്തമ മാതൃകയാണിത്. അനേക രോഗികൾക്ക് ശബത്തു നാളിൽ സൗഖ്യം നൽകിയതിനെതിരെ കടുത്ത കുറ്റാരോപണവും ഉന്നയിച്ചു, മാത്രമല്ല അക്കാരണത്താൽ ഇവൻ ദൈവത്തിൽ നിന്ന് വന്നവനല്ല എന്ന് സ്ഥാപിക്കുവാനും ശ്രമിച്ചു. യേശുവിനെ വിസ്തരിക്കുമ്പോൾ രണ്ടു കള്ളസാക്ഷികളെ കൊണ്ടുവന്നു, ഈ മനുഷ്യൻ ദൈവത്തിന്റെ ആലയം നശിപ്പിക്കുവാനും മൂന്നു ദിവസംകൊണ്ടു അത് പുനർനിർമ്മിക്കുവാനും കഴിയും എന്ന് പറഞ്ഞതായി കള്ളസാക്ഷ്യം പറഞ്ഞു. നിശ്ശബ്ദനായിരുന്നുകൊണ്ടാണ് ഈ വിമർശനത്തെ യേശുകർത്താവ് നേരിട്ടത്. തികച്ചും വ്യത്യസ്തമായ ഒരു പ്രതികരണ മാതൃകയാണ് ഇത്. സത്യവിരുദ്ധമായ സകല ദൂഷണങ്ങളും നമുക്കെതിരെ പറയുമ്പോൾ നിത്യതയിൽ ലഭിക്കുവാൻ പോകുന്ന പ്രതിഫലത്തെ ഓർത്തു സന്തോഷിക്കണം എന്ന് പഠിപ്പിച്ച ദൈവവചനം (മത്തായി 5:11,12) സ്വജീവിതത്തിൽ പകർത്തുന്ന മഹനീയമായ മാതൃക ആണിവിടെ താൻ വെളിപ്പെടുത്തുന്നത്. ദൈവാലയം പൊളിച്ചു കളയും എന്ന് ഭീഷണിപ്പെടുത്തുകയും, ശാബത് ലംഘിക്കണം എന്ന് പഠിപ്പിക്കുകയും ചെയ്യുന്ന ഒരു മതദ്രോഹിയാണ് യേശു എന്ന് വരുത്തിത്തീർക്കുവാൻ അന്നത്തെ പരീശന്മാരും മതനേതൃത്വവും ശ്രമിച്ചു. റോമൻ ചക്രവർത്തിയായിരുന്ന കൈസർക്കു കരം കൊടുക്കരുത് എന്ന് യേശു വിലക്കി എന്ന വ്യാജമായ ആരോപണവും അവർ കൊണ്ടുവന്നു. ഇത് യേശുവിനെ രാജ്യദ്രോഹിയായി ചിത്രീകരിക്കുക എന്ന ലക്ഷ്യത്തോടെയും ആയിരുന്നു. ഇത് മൂന്നും വ്യാജമായിരുന്നു. യേശുവിന്റെ വാക്കുകളെ ലാവണ്യ വാക്കുകളായും അധികാരത്തോടെയുള്ള വാക്കുകളായും മനസിലാക്കുകകയും അനുഭവിക്കുകയും ആശ്വാസം പ്രാപിക്കുകയും ചെയ്തപ്പോൾ ജനം സന്തോഷത്തോടെ യേശുവിനെ പിൻപറ്റി. ഇവൻ പരീശന്മാരെപ്പോലെയല്ല അധികാരമുള്ളവനായിട്ടത്രേ സംസാരിക്കുന്നതു എന്ന് ജനം പ്രതികരിച്ചതും അതേ സമയം യേശുവിന്റെ വാക്കുകളെ ഉയർന്ന നിലവാരമുള്ളതു എന്ന പ്രതികരണവുമാണ് പരീശന്മാർക്കു യേശുവിനോടു അസൂയ ഉണ്ടാകുവാൻ കാരണമായത്.


**കൈസർക്കു കരം കൊടുക്കരുത് എന്ന് യേശു വിലക്കി എന്ന വ്യാജമായ ആരോപണവും അവർ കൊണ്ടുവന്നു.**

ഇവിടെ പരീശന്മാരുടെ വാക്കുകളെക്കാൾ യേശുവിന്റെ വാക്കുകൾക്ക് ലഭിച്ച സ്വീകാര്യതയും അവരെ പ്രകോപിപ്പിച്ചു, അത് അസൂയ ആയി പരിണമിച്ചു. അവർ ഈ ആരോപണങ്ങൾ കൊണ്ടുവന്നത് യേശുവിനോടുള്ള അസൂയ നിമിത്തമായിരുന്നു (മത്തായി 27:18) എന്നുള്ളത് വിധികർത്താവായിരുന്ന പീലാത്തോസ് മനസിലാക്കിയിരുന്നു.

യഹൂദന്മാരുടെ രാജാവായി പിറന്ന യേശുവിനെ യഹൂദ മതനേതൃത്വം അംഗീകരിച്ചില്ല എന്ന് മാത്രമല്ല, ഞങ്ങൾക്ക് കൈസർ അല്ലാതെ മറ്റൊരു രാജാവില്ല എന്ന് ആത്യന്തികമായിട്ടും അവസാനമായിട്ടും പരസ്യമായി പീലാത്തോസിന്റെയും പുരുഷാരത്തിന്റെയും മുമ്പാകെ തള്ളിപ്പറയുകയും ചെയ്തു. റോമൻ ഭരണത്തിൽ നിന്ന് വല്ലവിധേനയും വിടുതൽ പ്രാപിക്കണം എന്ന് ഈ നേതാക്കളുൾപ്പെടെ ബഹുഭൂരിപക്ഷം യഹൂദന്മാരും ആഗ്രഹിക്കുമ്പോൾ കടകവിരുദ്ധമായ ഒരു പ്രഖ്യാപനമാണ് നേതൃത്വം നടത്തിയത്. 'അവൻ സ്വന്തത്തിലേക്കു വന്നു, സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല' എന്ന വചനം അവസാന നിമിഷം വരെ യേശുവിൽ നിറവേറുന്നതാണ് നാം കാണുന്നത്. യേശു ജനിച്ചു എന്ന വർത്തയറിഞ്ഞപ്പോൾ ഹെരോദാരാജാവും യെരുശലേം ഒക്കെയും ഭ്രമിച്ചു എന്നും നാം വായിക്കുന്നു. ഇങ്ങനെ ആദ്യം മുതൽ അവസാന നിമിഷം വരെ യേശു അനുഭവിച്ച തിരസ്കരണം എത്രയോ വേദനാജനകമായിരുന്നു. കർത്താവിനെ അനുഗമിക്കുന്നവർക്കും ഇതേ അനുഭവം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അനുഭവപ്പെടും എന്ന് യേശു തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ദാസൻ യജമാനനേക്കാൾ വലിയവനല്ല, അവർ എന്നെ പീഡിപ്പിച്ചു എങ്കിൽ നിങ്ങളെയും പീഡിപ്പിക്കും, എന്റെ വചനം പാലിച്ചെങ്കിൽ നിങ്ങളുടേതും പാലിക്കും (യോഹന്നാൻ 15: 20). ആകയാൽ ഇത്തരം അനുഭവങ്ങളിലൂടെ നാം കടന്നു പോകുന്നു എങ്കിൽ കർത്താവ് പോയ അതേ വഴിയിലൂടെയാണ് നാം പോകുന്നതെന്ന് നമുക്കുറപ്പിക്കാം. ഈ വെളിപ്പാട് നമുക്ക് ആശ്വാസം പകരുന്നത് തന്നെയാണ്.

•





സുജിത് സൈമൺ

# ഒന്നിനെയും കുറിച്ച് ഉൽക്കണ്ഠപ്പെടരുത്

ജീവിതംകൊണ്ട് പറയത്തക്ക കാര്യമായ ഒരു നേട്ടവും ഉണ്ടാകുന്നില്ലല്ലോ എന്ന ഫലശൂന്യതാബോധം ഏറിയ പങ്ക് ആളുകളെയും പിന്തുടരുന്നുണ്ട്. ഇത്തരം ഉൽക്കണ്ഠ കൊടിയ നിരാശയിലേക്കും മാനസികത്തകർച്ചയിലേക്കും ചിലപ്പോൾ കൊണ്ടെത്തിച്ചു എന്നു വരാം. ഇത് ഒറ്റപ്പെട്ട സംഭവമല്ല. വ്യക്തികളെയും കുടുംബങ്ങളെയും ഭക്തരെയും അഭക്തരെയും ഉൽക്കണ്ഠ കടന്നാക്രമിക്കാറുണ്ട്. നമുക്ക് സ്വയം ഇതിൽ നിന്ന് സ്വാതന്ത്ര്യം നേടുക സാധ്യമല്ല. എന്നാൽ ദൈവത്തിലുള്ള ആശ്രയത്തിലും വിശ്വാസത്തിലും മടുത്തുപോകാത്ത പ്രാർത്ഥനയിലും അവിടുത്തെ പദ്ധതിയിൽ നാം യോജിക്കുമ്പോൾ മാത്രമേ പ്രശ്നപരിഹാരം സാധ്യമാവുകയുള്ളൂ. ഉൽക്കണ്ഠയുടെ തായ്‌വേര് അവിശ്വാസമാണ്. നമ്മെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ ആണ് ചിലപ്പോൾ ഉൽക്കണ്ഠ ഹൃദയത്തെ കടന്നാക്രമിക്കുന്നത്. ദുഷ്ടന്റെ അഭിവൃദ്ധി കണ്ടാണല്ലോ ആസാഫിന്റെ ഹൃദയം ഭാരപ്പെടുവാൻ ആരംഭിച്ചത്. (സങ്കീർത്തനം 73: 2,3). മറ്റൊന്ന്, നാളെ ഗുരുതരമായ എന്തോ എനിക്കു വന്നുഭവിക്കാൻ സാധ്യതയുണ്ട് എന്ന മിഥ്യാഭീതി, ഇതും ഉൽക്കണ്ഠയെ ഉളവാക്കുന്നതാണ്. എന്റെ ജോലി നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്, മക്കളുടെ ഭാവി എന്തായിത്തീരും ഇങ്ങനെയുള്ള ചിന്തകൾ ജീവിതത്തെ അസംതൃപ്തമാക്കി തീർക്കാം. ഇവിടെയാണ് കർത്താവു നൽകുന്ന ആശ്വാസ വചനത്തിന്റെ പ്രസക്തി മനസിലാകുന്നത്. 'അതുകൊണ്ട് ഞാൻ നിങ്ങളോട് പറയുന്നത് എന്തു തിന്നും, എന്തു കുടിക്കും എന്ന് നിങ്ങളുടെ ജീവനായിക്കൊണ്ടും എന്തുടുക്കും എന്നു ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്, ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലയോ' (മത്തായി 6: 25).

ഉൽക്കണ്ഠ നിങ്ങളുടെ സന്തോഷത്തേയും സമാധാനത്തേയും കെടുത്തിക്കളയുന്ന പിശാചിന്റെ വജ്രായുധം ആണ്. ദൈവത്തിന്റെ കരുണ, പരിപാലനം, സഖിത്വം, സ്നേഹം, എന്നിവ കാണാതവണ്ണം അത് നമ്മുടെ കണ്ണിനെ കുരുടാക്കി കളയുന്നു. ഉൽക്കണ്ഠ നമ്മിൽ സിംഹാസനം ഇട്ടു വാഴുവാൻ സമ്മതിച്ചാൽ അധൈര്യം, അവിശ്വാസം, സംശയം എന്നിവ അത് നമ്മിൽ ജനിപ്പിക്കും. ഇനിയും ഞാൻ എന്തിനു ജീവിക്കണം എന്ന ചോദ്യം

**ദൈവത്തിന്റെ കരുണ, പരിപാലനം, സഖിത്വം, സ്നേഹം, എന്നിവ കാണാതവണ്ണം അത് നമ്മുടെ കണ്ണിനെ കുരുടാക്കി കളയുന്നു. ഉൽക്കണ്ഠ നമ്മിൽ സിംഹാസനം ഇട്ടുവാഴുവാൻ സമ്മതിച്ചാൽ അധൈര്യം, അവിശ്വാസം, സംശയം എന്നിവ അത് നമ്മിൽ ജനിപ്പിക്കും.**

ഉടനെ പിശാച് ഹൃദയത്തിൽ കൊണ്ടുവരും. ഈ ചോദ്യമാണ് ചിലരെ ആത്മഹത്യയിലേക്ക് നയിക്കുന്നത്. 15 നും 23 നും ഇടയിൽ പ്രായമുള്ള ചെറുപ്പക്കാരെയാണ്കൂടുതലായി ലോകമെമ്പാടും പിശാച് ഇന്നു നശിപ്പിച്ചു കൊണ്ടിരിക്കുന്നത്. കാരണം ഈ ലോകത്തിൽ നിന്നും അവർ എന്തൊക്കെയോ പ്രതീക്ഷിച്ചു. പക്ഷേ എത്തിപ്പിടിക്കുവാൻ കഴിയാത്തതിനാൽ അവർ മോഹഭംഗത്തിന് അടിമകളായിത്തീരുന്നു.

ജീവിതപങ്കാളിയുടെ മരണശേഷവും വാർദ്ധക്യത്തിലും സ്വന്തം മക്കൾ സഹായത്തിന് അടുത്തില്ലാതെ വരുമ്പോഴും പെട്ടെന്ന് ഉൽക്കണ്ഠയും നിരാശയും മനസിനെ അലട്ടുകയും ശരീരവും മനസ്സും ഒരുപോലെ ബലഹീനമായിത്തീരുകയും ചെയ്യാറുണ്ട്. പിന്നീട് പഴയതുപോലെ സ്നേഹിതരെ കാണുന്നതിനോ അവരുമായി സംസാരിക്കുന്നതിനോ പുറത്തുപോയി എന്തെങ്കിലും പ്രവർത്തിയിൽ വ്യാപൃതനാകുന്നതിനോ വേണ്ടത്ര സന്തോഷം തോന്നാതെ വീടുകളിൽ തന്നെ ഒതുങ്ങിക്കൂടി കഴിയുന്നവരും ഉണ്ട്. എന്നാൽ മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ നിന്നും വിടുവിച്ച് ജീവിതത്തെ സന്തുഷ്ടം ആക്കിതീർക്കുവാൻ കഴിയുമോ എന്ന് നാം ചോദിക്കാറുണ്ട്. നിശ്ചയമായും കഴിയുമെന്നു തന്നെയാണ് അതിൻെറ ഉത്തരം. അതിനു പ്രഥമമായി ചെയ്യേണ്ടത്, എൻെറ നാളുകൾ കഴിഞ്ഞുപോയി എൻെറ ഉദ്ദേശ്യങ്ങൾക്ക്, എൻെറ ഹൃദയത്തിലെ നിരൂപണങ്ങൾക്ക്, ഭംഗം വന്നു (ഇയ്യോബ് 17 :11 ) എന്ന അപകർഷതാബോധം വിട്ടുകളയുക. യഹോവയുടെ ദൃഷ്ടി തൻെറ ഭക്തന്മാരുടെമേൽ ഇരിക്കുന്നു(സങ്കീർത്തനം 33: 18) എന്ന ദൃഢവിശ്വാസത്തോടെ ജീവിതത്തെ ദൈവകരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുക.

മാത്രമല്ല മരണത്തെ ഒരു യാഥാർത്ഥ്യമായി തന്നെ അംഗീകരിക്കണം. ജനനവും മരണവും ദൈവം ജീവിതത്തിൽ എഴുതിച്ചേർത്ത രണ്ട് ഘടകങ്ങളാണ്, അത് നമുക്ക് നിഷേധിക്കുവാൻ സാധ്യമല്ല. നിങ്ങളുടെ പ്രിയപ്പെട്ടവർ ആരെങ്കിലും മരണം വഴിയായി ലോകത്തിൽനിന്ന് മാറ്റപ്പെട്ടാൽ, 'യഹോവ തന്നു, യഹോവ എടുത്തു അവൻെറ നാമം വാഴ്ത്തപ്പെടട്ടെ' (ഇയ്യോബ് 1:21) എന്ന് ആശ്വസിക്കുക. ഇയ്യോബിന് പത്തു മക്കളും, സകല മൃഗസമ്പത്തും, കൃഷിഫലങ്ങളും എല്ലാം നഷ്ടപ്പെട്ടപ്പോൾ ആ ഭക്തൻ പറഞ്ഞ വാക്കുകളാണിവ. ഇപ്പോൾ വീടിനു മുകളിൽ തനിച്ചിരിക്കുന്ന കുരികിൽ പോലെ ആയിരിക്കുന്ന അവസ്ഥ (സങ്കീർത്തനം 102:7). ഇത്തരം ഒരു സാഹചര്യം നേരിട്ടാൽ ഉത്കണ്ഠ നമ്മെ വാഴുവാൻ അനുവദിക്കാതെ ദൈവത്തിൽ ആശ്രയിച്ചു അതിനെ അതിജീവിക്കുവാൻ ആ അവസരം പ്രയോജനപ്പെടുത്തുക. ദൈവവുമായി ബന്ധം പുലർത്തുവാനും വായന, ധ്യാനം, പ്രാർത്ഥന എന്നിവയിൽ ഉറ്റിരിക്കുവാനും ദൈവം ജീവിതത്തിൽ നൽകിയ ഒരു അവസരം ആണെന്ന് ഓർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുക.

ആകുലചിന്ത ചിലർക്കു വിട്ടുമാറാത്ത ഒരു രോഗമായി തീരാറുണ്ട്. വ്യാകുലചിത്തരായവർക്ക് ഒരിക്കലും മനസ്സമാധാനം ഉണ്ടായിരിക്കുകയില്ല. അവർ ആകുലചിന്തയെ ഹൃദയത്തിൽ വേരുറയ്ക്കുവാൻ അനുവദിച്ചാൽ ദൈവത്തെ ജീവിതത്തിൻെറ കേന്ദ്രഭാഗത്തുനിന്നും നീക്കി നിർത്തുകയാണ് ചെയ്യുന്നത്. ശരിയായ വിശ്വാസവും ആകുലചിന്തയും ഒന്നിച്ച് പോകയില്ല. ഒന്നുണ്ടെങ്കിൽ മറ്റൊന്നില്ല എന്നർത്ഥം. ഒരിക്കൽ ഒരു മനുഷ്യൻ എയർപോർട്ടിൽ ഗേറ്റിൻെറ അടുത്തേക്ക് ആധിപിടിച്ചവനായി ധൃതിയിൽ നടന്ന് പോവുകയായിരുന്നു. ഉടനെ പൈലറ്റിൻെറ യൂണിഫോം ധരിച്ച ഒരുവ്യക്തി അദ്ദേഹത്തോട് താങ്കൾ എന്താണു ധൃതിപിടിച്ച് ഓടുന്നത് എന്ന് ചോദിച്ചു. ഞാൻ അല്പം താമസിച്ചുപോയി എൻെറ ഫ്ളൈറ്റ് ഒരുപക്ഷേ പോയിക്കാണും അതിനാലാണ് ഭാരപ്പെട്ടു ഓടുന്നത് എന്ന് പറഞ്ഞു. അദ്ദേഹം വീണ്ടും ചോദിച്ചു എവിടേയക്ക് പോകുന്ന ഫ്ളൈറ്റ് ആണ്. ചിന്താകുലനായ ആ മനുഷ്യൻ ഒരു വിധത്തിൽ തനിക്ക് പോകേണ്ട സ്ഥലം ഏതാണെന്ന് പറഞ്ഞു. ഉടനെ ആ നല്ല മനുഷ്യൻ ഇപ്രകാരം പറഞ്ഞു. ശാന്തനാകു, ഞാനാണ് ആ ഫ്ളൈറ്റിൻെറ പൈലറ്റ്. പൈലറ്റ് ശാന്തനായി നടക്കുന്നു എങ്കിൽ യാത്രക്കാരൻ എന്തിനാണ് ചിന്താകുലപ്പെടുന്നത്. നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവം, സന്തത സഹചാരി ആയിട്ടുണ്ടെങ്കിൽ പിന്നെ എന്തിനാണ് നാം ഉൽക്കണ്ഠ ഉള്ളവരാകുന്നത്.

ഒരു വിശ്വാസിയെ ചിന്താകുലം ഇല്ലാതെ ആക്കുവാൻ ദൈവം വച്ചിരിക്കുന്ന പോംവഴി ഒന്നേയുള്ളൂ. ദൈവത്തിൽ ആശ്രയം വെക്കുക. ദൈവശബ്ദത്തിനായി കാത്തിരിക്കുക. ദൈവവചനം പറയുന്നു, യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക ധൈര്യപ്പെട്ടിരിക്കുക, നിൻെറ ഹൃദയം ഉറച്ചിരിക്കട്ടെ. അതേ യഹോവയിങ്കൽ പ്രത്യാശ

വയ്ക്കുക (സങ്കീർത്തനം 27: 14). ഈ അദ്ധ്യാത്മിക പ്രമാണം മനസ്സിലാക്കാതെ പലപ്പോഴും നാം ധനത്തിലും സ്വന്തവിവേകത്തിലും ആശ്രയം വെയ്ക്കാറുണ്ട്. ധനം ഒരു പക്ഷിസമാനം ചിറകു വിടർത്തി നമ്മെ വിട്ടു പോകുന്ന ഒന്നാണ്. അതു പോലെ തന്നെയാണ് സ്വന്തവിവേകം, ചിലപ്പോൾ അത് നമ്മെ ലക്ഷ്യത്തിൽ എത്തിച്ചെന്നു വരികയില്ല. സ്വന്തജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി ഓരോ അവസ്ഥയിലൂടെയും ദൈവം എങ്ങനെ വീഴാതെ നിങ്ങളെ നടത്തി എന്ന് പരിശോധിച്ചു നോക്കുക. ആത്യന്തികമായി ദൈവത്തിൽ ആശ്രയിച്ചപ്പോഴൊക്കെ നിങ്ങളുടെ ജീവിതത്തിൽ നന്മ ഉണ്ടായിട്ടില്ലേ. പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ച് പരിശ്രമിച്ചിട്ടും നിങ്ങൾക്ക് ഉദ്ദേശിച്ചത് കിട്ടിയില്ലെങ്കിൽ അതായിരുന്നില്ല നിങ്ങൾക്കു വേണ്ടിയിരുന്നത് എന്നാണ് സത്യം. ഇവിടെ നിരാശയ്ക്കിടമില്ല. കാരണം ദൈവീകമായി പരിശ്രമിക്കുന്ന ഒരാൾക്ക് ഒന്നു കിട്ടാതെ ഇരിക്കുന്നത് കൂടുതൽ മെച്ചപ്പെട്ട മറ്റൊന്ന് കിട്ടുന്നതിനു വേണ്ടിയാണ്.

നിങ്ങൾക്കുണ്ടായ ധനനഷ്ടമോ, തോൽവിയോ, അപമാനമോ, ബിസിനസ് പൊളിഞ്ഞതോ, കൃഷിയിലുണ്ടായ നഷ്ടമോ, ഇവയൊന്നും ജീവിതത്തിൻെറ അന്ത്യമല്ല. ജീവിതത്തിൻെറ ഒരുഭാഗം മാത്രമാണ് ഈ നാശനഷ്ടങ്ങളും ആശാഭംഗംങ്ങളും എന്നും മനസ്സിലാക്കണം. നാളെ എന്താണ് ദൈവം ജീവിതത്തിൽ ചെയ്യുവാൻ പോകുന്നതെന്ന് നിങ്ങൾക്ക് ഇപ്പോൾ നിശ്ചയമായും അറിയുവാൻ കഴിയാത്തതിനാൽ ദൈവപ്രവർത്തി വെളിപ്പെടുവാൻ ശാന്തമായി കാത്തിരിക്കുക. നിങ്ങളിൽ ഉൽക്കണ്ഠ ഉളവാക്കുവാൻ തക്ക ഒരു കാര്യം ജീവിതത്തിൽ നേരിട്ടിട്ടില്ല എന്ന ബോധ്യം ഉണ്ടായിരിക്കണം. കാരണം ദൈവം സകലത്തെയും നന്മയ്ക്കാക്കി തീർക്കുന്നു. നിങ്ങളുടെ ആന്തരിക സമാധാനത്തിനു വേണ്ടി ദൈവത്തിൽ ആശ്രയിക്കുക. സൂര്യപ്രകാശം ഉള്ളപ്പോൾ മാത്രമല്ല കാർമേഘം കൊണ്ട് ആകാശം ഇരുണ്ടു മൂടുമ്പോഴും, ദൈവസാന്നിധ്യം അനുഭവവേദ്യമായി ത്തീരുന്നില്ലെങ്കിൽ നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് പറയുന്നതിൽ അർത്ഥമൊന്നുമില്ല. അന്ധകാരത്തെ സൃഷ്ടിച്ച ദൈവം തന്നെയാണ് പ്രകാശത്തെയും സൃഷ്ടിച്ചത്. ദൈവം നിങ്ങളിൽ നിന്നും അന്ധകാരത്തിൻെറ ചിന്തകൾ പുറത്താക്കട്ടെ. പ്രകാശവും നന്മയും നിങ്ങളിൽ വന്നുചേരട്ടെ.

●

## ➧ 12 വിഷണ്ഡതയെ എങ്ങനെ നേരിടണം?

ശക്തീകരിക്കും ഞാൻ നിന്നെ സഹായിക്കും, എന്റെ നീതിയുള്ള വലം കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും, നിന്നോട് കോപിച്ചിരിക്കുന്ന എല്ലാവരും ലജ്ജിച്ചു അമ്പരന്നു പോകും, നിന്നോട് വാദിക്കുന്നവർ നശിച്ചു ഇല്ലാതെയാകും (യെശയ്യാ 41:10,11). സർവ്വശക്തനായ ദൈവത്തിന്റെ ഈ വചനങ്ങൾ തുടരെ ഏറ്റു പറയുമ്പോൾ വലിയ ധൈര്യം നമ്മിൽ ദൈവം പകർന്നു തരുന്നു. ജാഗ്രതയോടെ നിരാശയോടു പോരാടി ജയിക്കുവാനുള്ള ഉത്തമ ആയുധം ആണ് ദൈവത്തിന്റെ വാഗ്ദത്ത വചനങ്ങൾ.

എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും, പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും എന്നിങ്ങനെ ഉള്ള ധൈര്യം, ദൈവം കൂടെയുണ്ട് എന്ന ഉറപ്പിനാൽ ദാവീദിന് ലഭിച്ചതാണ്. ഇതുപോലെ ധാരാളം ഉദാഹരണങ്ങൾ തിരുവെഴുത്തിലുണ്ട്. ഈ പശ്ചാത്തലത്തിൽ ഞാൻ നിങ്ങളോടു ചോദിക്കട്ടെ: താങ്കൾ ഹൃദയത്തിൽ വിഷണ്ഡതയും പേറിക്കൊണ്ടാണോ മോക്ഷയാത്രയിൽ ആയിരിക്കുന്നത്? എങ്കിൽ അതിനെ പൂർണമായും നിരാകരിച്ചു തള്ളിക്കളയുക. താങ്കളെ ആരെങ്കിലും വേദനിപ്പിച്ചു എങ്കിൽ അവരോടു മന:പ്പൂർവ്വമായി ക്ഷമിക്കുക. എന്തെങ്കിലും ധാർമിക പരാജയം വ്യക്തി ജീവിതത്തിൽ ഉണ്ടോ? ഉണ്ടെങ്കിൽ ആഴമായി അനുതപിച്ചു കുറ്റങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു വീണ്ടെടുപ്പുകാരന്റെ സ്നേഹവലയത്തിലേക്കു മടങ്ങി വരുക. നിങ്ങളുടെ ഹൃദയത്തെ തളർത്തിക്കളയുന്ന നിരാശയുടെ വിഷമുള്ളിനെ നിർമൂലമാക്കി നീക്കിക്കളയുവാൻ ദൈവത്തോട് പ്രാർത്ഥിക്കുക. അപ്പോൾ വിഷമുള്ളേൽപ്പിച്ച എല്ലാ ക്ഷതങ്ങളെയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് സൗഖ്യമാക്കി നിങ്ങളെ ശക്തീകരിക്കും. അങ്ങനെ ദൈവം മുൻനിയമിച്ച മോക്ഷയാത്രയുടെ ആത്യന്തീക ലക്ഷ്യത്തിലേക്കാണ് ചുവടുവയ്ക്കുന്നതെന്നു ഓരോരുത്തരും ഹൃദയത്തിൽ ഉറച്ചു ധീരതയോടും പ്രത്യാശയോടും മുന്നേറുവാൻ ദൈവം സഹായിക്കട്ടെ.

●



ചെയ്സ് ജോസഫ്

# കൃപയ്ക്കു അധീനർ, നീതിക്കു ദാസന്മാർ

(റോമാ ലേഖനം 6 :19 മുതൽ 23 വരെ)

കൃപയുടെ വാഴ്ച നമ്മെ നീതിക്കു അടിമകൾ ആക്കുന്നു എന്ന് നാം കഴിഞ്ഞ ദിവസങ്ങളിൽ മനസ്സിലാക്കി. നീതി നമുക്ക് ദൈവം തരുന്ന ഒരു സങ്കല്പം അല്ല, പിന്നെയോ നാം അടിമകളെ പോലെ അനുസരിക്കേണ്ട യജമാനൻ ആണ് നീതി. നീതിയുടെ അടിമത്തം എന്നാൽ ക്രിസ്തുവിനോടുള്ള ദാസ്യത്വം ആണ്. നീതിയുടെ അടിമകൾ എന്ന നമ്മുടെ അവസ്ഥ ആണ് നമ്മെ കൃപയ്ക്കു അധീനർ ആക്കുന്നത്.

നമ്മുടെ ഇടയിൽ നീതി ഇല്ലാതെ കൃപയെക്കുറിച്ച് പറയുന്നവരും, കൃപ ഇല്ലാതെ നീതിയെക്കുറിച്ച് പറയുന്നവരും ഉണ്ട്. നീതി ഇല്ലാതെ സ്ഥാപിക്കപ്പെടുന്ന കൃപ നമ്മെ വേറെ ഒരു ക്രിസ്തുവിലേക്കു എത്തിക്കുന്നു. അത് പോലെ കൃപ ഇല്ലാതെ നീതി പ്രസ്താവിക്കപ്പെടുമ്പോൾ അത് മനുഷ്യരെ വീണ്ടും പാപത്തിന്റെ അടിമത്തത്തിലേക്കു നയിക്കുന്നു.

കൃപയുടെ വാഴ്ചയും നീതിയോടുള്ള നമ്മുടെ അടിമത്തവും ഒരേ പോലെ, എല്ലാ നിമിഷവും നമ്മെ നിയന്ത്രിക്കണം. ഇത് രണ്ടും മനുഷ്യ പ്രവൃത്തികളാൽ നടക്കുന്ന കാര്യം അല്ല എന്ന് ഇതിനകം വ്യക്തമായിക്കാണുമല്ലോ. ഈ രക്ഷ എങ്ങനെ ആണ് ദൈവം നമുക്ക് സാധ്യമാക്കുന്നത് എന്നതിന്റെ വിവരണം ആണ് അപ്പോസ്തോലിക ഉപദേശങ്ങൾ നമുക്ക് നൽകുന്നത്.

മനുഷ്യരുടെ കാഴ്ചപ്പാടിൽ എന്താണ് ഈ രക്ഷയുടെ അനന്തര ഫലം എന്നത് ആറാം അധ്യായത്തിന്റെ പത്തൊൻപതാം വാക്യം മുതൽ നമ്മെ പഠിപ്പിക്കുന്നു. ഇനിമേൽ നമ്മുടെ അവയവങ്ങളെ ഉപയോഗിക്കാൻ പാപം എന്ന യജമാനന് കഴിയുന്നില്ല എന്നതാണ് രക്ഷയുടെ ഫലം. ആ പാപത്തിനു നാം മരിച്ചു. എന്നാൽ ഇത് നമുക്ക് ഓട്ടോമാറ്റിക് ആയി ഒരു സ്വിച്ച് ഇട്ട പോലെ അനുഭവിക്കാൻ കഴിയില്ല. കാരണം നമുക്ക് പാപംചെയ്യാൻ പ്രലോഭനമുള്ള ഒരു ശരീരം ഉണ്ട്. അത് കൊണ്ട് നാം വിശ്വാസത്താൽ ആണ് കൃപയുടെ വാഴ്ചയും നീതിയോടുള്ള അടിമത്തവും അനുഭവിക്കുന്നത്. പൗലോസ് പ്രത്യേകമായി പറയുന്നു, ജഡത്തിന്റെ ബലഹീനത ഇപ്പോഴും നിലനിൽക്കുന്നതിനാൽ ഇത് എല്ലാം മാനുഷ ഭാഷയിൽ പറയേണ്ടതായി വരുന്നു. ആ ബലഹീനതകൾ ഇല്ലായിരുന്നെങ്കിൽ നാം സ്വർഗീയ സന്തോഷങ്ങൾ ഇപ്പോൾ തന്നെ പൂർണ്ണമായി അനുഭവിക്കുമായിരുന്നു. എന്നാൽ ഇന്ന് നാം ഒരു യുദ്ധത്തിൽ ആണ്. അത് നീതിയുടെ ദാസ്യത്വം നമ്മുടെ അവയവങ്ങളിൽ അനുഭവിക്കാനുള്ള പോരാട്ടം ആണ്. അതുകൊണ്ട് ഒരു മനുഷ്യൻ ചെയ്യേണ്ടത് പാപത്തിന്റെ ശക്തി അവനിൽ വാഴാതിരിക്കാൻ കൃപയുടെ, നീതി

യുടെ കർതൃത്വത്തിനു അവന്റെ അവയവങ്ങളെ സമർപ്പിച്ചു കൊടുക്കുക എന്നതാണ്. കൃപയും നീതിയും ഒന്നിച്ചു വാഴുന്നതിന്റെ ഒരു മനോഹരമായ, ദൈവിക ചിത്രം ആണ് ഈ അധ്യായം നമുക്ക് നൽകുന്നത്. നമ്മിൽ വാണിരുന്ന പാപം എന്ന പഴയ യജമാനൻ ക്രൂശിൽ തോൽപ്പിക്കപ്പെട്ടു. ഇന്ന് നാം ആ യജമാനനിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നു.

**പാപം ലജ്ജാകരമായി ഒരു വിശ്വാസിക്ക് അനുഭവപ്പെടണം**

റോമർ ആറിന്റെ 20 മുതൽ 23 വരെയുള്ള വാക്യങ്ങൾ. പാപത്തിനു അടിമകൾ ആയിരുന്ന കാലത്തു നീതി സംബന്ധിച്ച് നാം സ്വതന്ത്രർ ആയിരുന്നു. എന്ന് പറഞ്ഞാൽ, നീതി ചെയ്യണം എന്ന യാതൊരു നിർബന്ധവും നമ്മുടെ അവയവങ്ങളിൽ ഉണ്ടായിരുന്നില്ല. സ്വാഭാവികമായും നമ്മുടെ അവയവങ്ങൾ സുഖഭോഗങ്ങൾ ഇഷ്ടപ്പെട്ടു, പാപം എന്ന യജമാനൻ തരുന്ന സന്തോഷങ്ങൾ അനുഭവിച്ചുകൊണ്ട് അവനെ പ്രസാദിപ്പിച്ചു പോന്നു. എന്നാൽ ഇന്ന് അതെല്ലാം ലജ്ജാകരമായി ഒരു വിശ്വാസിക്ക് അനുഭവപ്പെടുന്നു. അങ്ങനെ നമുക്ക് അനുഭവപ്പെടുന്നില്ല എങ്കിൽ അനുഭവപ്പെടണം. കാരണം ആ സുഖലോലുപത ആഗ്രഹിച്ച ജീവിതം നിത്യ മരണം എന്ന ദുരന്തത്തിലേക്കുള്ള യാത്ര ആയിരുന്നു. ശരിക്കും സുഖങ്ങൾ അല്ലെങ്കിൽ മോഹങ്ങൾ നമ്മെ ഭരിക്കുമ്പോൾ യഥാർത്ഥ കർതൃത്വം മരണത്തിന്റെ കൈയിൽ ആണ്. അത് പാപത്തിന്റെയും മരണത്തിന്റെയും വാഴ്ച ആയിരുന്നു.

വ്യാജ കൃപയുടെ സുവിശേഷം പ്രചരിപ്പിച്ചവർ പലരെയും വഞ്ചിച്ചതു നീതിയുടെ അടിമത്തം അല്ലെങ്കിൽ നീതിയിൽ ജീവിക്കാൻ ഉള്ള ബാധ്യത മറച്ചു വച്ച് കൊണ്ടാണ്. പാപം എന്ന യജമാനനെ പ്രസാദിപ്പിച്ചു കൊണ്ട് കൃപയ്ക്കു വാഴാൻ കഴിയില്ല. ദൈവത്തിന്റെ നീതിയോടുള്ള ദാസ്യത്വം ആണ് നമ്മെ കൃപയുടെ കർതൃത്വത്തിലേക്കു നയിക്കുന്നത്. ഈ വിജയം അല്ലെങ്കിൽ വിടുതൽ, നമുക്ക് ലഭിക്കുന്നത്, അപ്പോസ്തലന്മാർ നമുക്ക് ഏൽപ്പിച്ചു തന്ന ഉപദേശരൂപത്തെ നമ്മുടെ അറിവും നയവും യുക്തിയും വച്ച് ചോദ്യം ചെയ്യാതെ, മറ്റു കാരണങ്ങൾ കണ്ടു പിടിക്കാതെ പൂർണ്ണമനസ്സോടെ അനുസരിക്കുമ്പോൾ ആണ്. അപ്പോസ്തലന്മാരുടെ ഉപദേശത്തിന് ചോദ്യം ചെയ്യാതെ ഉള്ള ഒരു പൂർണ്ണ വിധേയത്വം നമുക്ക് ആവശ്യമാണ്. പലപ്പോഴും ലേഖനങ്ങളിലൂടെ അപ്പോസ്തലന്മാർ പറയുന്നത് നമ്മുടെ വികലമായ ദുർമനസാക്ഷിക്കു ചേരാതെ വരുമ്പോൾ നാം അപ്പോസ്തലന്മാരുടെ ജ്ഞാനത്തെ ചോദ്യം ചെയ്യുന്നവർ ആയി മാറുന്നു.

**പാപം എന്ന യജമാനൻ തരുന്ന സന്തോഷങ്ങൾ അനുഭവിച്ചുകൊണ്ട് അവനെ പ്രസാദിപ്പിച്ചു പോന്നു. എന്നാൽ ഇന്ന് അതെല്ലാം ലജ്ജാകരമായി ഒരു വിശ്വാസിക്ക് അനുഭവപ്പെടുന്നു. അങ്ങനെ നമുക്ക് അനുഭവപ്പെടുന്നില്ല എങ്കിൽ അനുഭവപ്പെടണം.**

കൃപയുടെ ദാസ്യത്വം നമുക്ക് തരുന്നത് നീതിയുടെ ദാസ്യത്വം ആണ് എന്ന് നാം കണ്ടുവല്ലോ. എന്നാൽ നീതിയുടെ അടിമകൾ ആയി നാം മാറുന്നത് കൊണ്ട് നാം വിശുദ്ധീകരണം പ്രാപിച്ചവർ ആയി മാറും എന്ന് പൗലോസ് പറയുന്നു. നീതിയുടെ ഫലം വിശുദ്ധീകരണം ആണ്. പാപത്തിന്റെ ശമ്പളം ആകട്ടെ, മരണവും. ഈ വാക്യം നമുക്ക് മനസ്സിലാവണമെങ്കിൽ എന്താണ് വിശുദ്ധീകരണം എന്ന് നാം അറിഞ്ഞിരിക്കണം. ശുദ്ധീകരണവും (cleansing) വിശുദ്ധീകരണവും (sanctification) രണ്ടു കാര്യങ്ങൾ ആണ്. ഇത് രണ്ടായി തന്നെ നാം മനസ്സിലാക്കണം.

**ശുദ്ധീകരണവും വിശുദ്ധീകരണവും രണ്ടു കാര്യങ്ങളാണ്**

പാപത്തിന്റെ കഴുകൽ ആണ് നമ്മുടെ ശുദ്ധീകരണം. എന്നാൽ വിശുദ്ധീകണം എന്നത് നമ്മിൽ വളരുന്ന ദൈവീക സ്വഭാവങ്ങൾ ആണ്. ക്രിസ്തുവിന്റെ ധനം നമ്മിൽ നിറയുന്നതാണ് വിശുദ്ധീകരണം. അത് കൊണ്ടാണ് നീതിയുടെ അടിമത്തം വിശുദ്ധീകരണം ആണെന്ന് പൗലോസ് ഇവിടെ സൂചിപ്പിക്കുന്നത്. വിശ്വാസത്താൽ നാം ഓരോ നിമിഷവും ദൈവത്തിന്റെ നീതിയിലേക്കു പ്രവേശിക്കുകയാണ്. ഈ നീതിയുടെ ഇടുക്കു വഴിയേ പ്രവേശിക്കാത്തവർ എല്ലാവരും ന്യായവിധിയിലേക്കു ആണ് പോകുന്നത്. അത് നിശ്ചയമായും നിത്യമരണത്തിൽ ചെന്നെത്തുന്ന ന്യായവിധി തന്നെ ആണ്. അത് കൊണ്ട് കൃപ ഇല്ലാതെ ദൈവീക നീതിയും, ആ നീതി ഇല്ലാതെ കൃപയും പ്രവർത്തിക്കുന്നില്ല. ഇവ രണ്ടും പരസ്പരപൂരകങ്ങൾ ആണ്. ●





എൽസി ജോയ്

# പ്രശംസനീയമായത്

സാമർത്ഥ്യവും ധീരതയും വിവേകവും എല്ലാം ദൈവം സ്ത്രീകൾക്ക് നൽകിയിട്ടുണ്ട്. അവസരങ്ങൾ ലഭിച്ചിടത്തെല്ലാം അത് അവർക്കു തെളിയിക്കുവാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ ശരിക്കും വിവേകം എന്ന് അർത്ഥമാക്കുന്നത് എന്താണ്? 'ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു, യഹോവ ഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും'(സദൃശ്യവാക്യം 31: 30). ലോകം ലാവണ്യത്തിനും സൗന്ദ ര്യത്തിനും ആണ് മാർക്കിടുന്നത്. ലാവണ്യം അഥവാ വശ്യത (charm) ചതിക്കുന്ന താണ്, അത് വ്യാജമാണ്. സ്ത്രീയെ പിശാച് വശീകരണത്തിനു ഒരു ഉപാധിയാക്കു വാൻ ശ്രമിക്കും. എന്നാൽ ദൈവഭയമുള്ള സ്ത്രീകൾ തങ്ങളെ തന്നെ സൂക്ഷിക്കുകയും പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽക്കുകയും ചെയ്യും. സൗന്ദര്യം ക്ഷണിക മാണ്. അത് എപ്പോൾ വേണമെങ്കിലുമോ, ക്രമേണയായോ നഷ്ടപ്പെടുന്നതാണ്. അതി നാൽ അതിനു പ്രാധാന്യത കൊടുക്കാതെ ദൈവഭക്തിക്കു സ്ഥാനം കൊടുക്കുക. അതാണ് ശരിക്കും സ്ത്രീയുടെ വിവേകം, അല്ലെങ്കിൽ ആന്തരിക സൗന്ദര്യം.

ദൈവഭക്തി ഉള്ള സ്ത്രീ പ്രശംസിക്കപ്പെടും എന്നാണ് തിരുവചന സാക്ഷ്യം. ഇവിടെ ദൈവഭക്തി എന്നത് ദൈവഭയത്തെയാണ് കാണിക്കുന്നത്. ദൈവഭയം എന്ന ത് പൂർണമായും ദൈവത്തെ അനുസരിക്കുന്ന മനോഭാവമാണ്. ദൈവത്തിനു ഹിതമ ല്ലാത്തതൊന്നും വേണ്ട എന്ന നിർബന്ധം ദൈവഭയത്തിലുണ്ട്. ദൈവഭയം ഉള്ളവർ ക്ക് വളഞ്ഞവഴികളിലൂടെ ചിന്തിക്കുവാനോ പ്രവർത്തിക്കുവാനോ കഴിയുകയില്ല. ദൈവ ഭയമുള്ളവർ വിവേകം ഉള്ളവരായി ദോഷത്തെ വിട്ടകലുന്നവരാണ്.

വിവേകമതിയായ സ്ത്രീക്ക് ഒരു നല്ല ഉദാഹരണമാണ് അബീഗയിൽ (1 ശമുവേൽ 25:3). അബീഗയിൽ തികഞ്ഞ ഒരു ദൈവഭക്ത ആയിരുന്നതു കൊണ്ട് ദൈവത്തിന്റെ അഭിഷിക്തനായ ദാവീദിനെ തിരിച്ചറിയുവാൻ കഴിഞ്ഞു. അബീഗയിലിന്റെ ഭർത്താവായ നാബാൽ മഹാധനികനായിരുന്നു. ധനത്തിൽ അവന്റെ ഹൃദയം അഹങ്ക രിച്ചതിനാലാവണം അവൻ നിഷ്ഠൂരനും ദുഷ്കർമ്മിയും ആയിത്തീർന്നത്. ഒരു മഹാധനികന്റെ ഭാര്യ ആയിരുന്നിട്ടും അബീഗയിൽ ദൈവത്തെ ഭയപ്പെടുന്ന ഒരു സ്ത്രീയായിരുന്നു.

പലരും ഒഴുക്കിനനുസരിച്ചു നീന്തുന്ന പ്രകൃതക്കാരായി തീരാറുണ്ട്. കഷ്ടതകൾ വരുമ്പോൾ വളരെ കണ്ണുനീരും പ്രാർത്ഥനയും അനുതാപവും ഒക്കെ ഉണ്ടാകുന്നു. എന്നാൽ സുഖവും സമൃദ്ധിയുമാവുമ്പോൾ ദൈവത്തെ മറക്കുന്നു. പ്രാർത്ഥനയും വചനവും അവഗണിക്കപ്പെടുന്നു. ഹൃദയത്തിൽ അഹങ്കാരം ഉള്ളവരായി മറ്റുള്ളവരിൽ കുറ്റം ആരോപിക്കുന്നതിലും കേൾക്കുന്നതിലും ആനന്ദം കണ്ടെത്തുന്ന വരെ നാം കണ്ടിട്ടുണ്ടല്ലോ. അതിനാൽ പ്രിയ സഹോദരിമാരെ, വളരെ സൂക്ഷ്മത

**അതിനാൽ അതിനു പ്രാധാന്യത കൊടുക്കാതെ ദൈവഭക്തിക്കു സ്ഥാനം കൊടുക്കുക. അതാണ് ശരിക്കും സ്ത്രീയുടെ വിവേകം, അല്ലെങ്കിൽ ആന്തരിക സൗന്ദര്യം**

യുള്ളവരാകാം. ആ ഒഴുക്കിൽ പെട്ട് ഒഴുകരുതേ! അബീഗയിൽ തന്റെ ഭർത്താവിന്റെ അഹങ്കാരത്തിനു കൂട്ട് നിന്നില്ല. ആ ഒഴുക്കിൽ പെട്ട് ഒഴുകാതെ അവൾ അവളെത്തന്നെ ദൈവത്തെ ഭയപ്പെടുന്ന സ്വഭാവമുള്ളവളാക്കി നിലനിർത്തി. അവൾ താഴ്മയും ദൈവഭയവും ഉള്ളവളായിരുന്നു.

നാബാലിന്റെ ഇടയന്മാർ ആടുകളെ മേയിച്ചുകൊണ്ടിരുന്നത് ദാവീദും അവന്റെ ആളുകളും ഒളിച്ചു പാർത്ത ഇടത്തായിരുന്നു. ദാവീദും അവന്റെ ആളുകളും ഈ ഇടയന്മാർക്കു ഉപദ്രവം ഒന്നും ചെയ്യാതെ നന്മ മാത്രം ചെയ്തു. നാബാലിന് രോമം കത്രിക്കുന്ന അടിയന്തിരം ഉണ്ടെന്നു ദാവീദ് മനസിലാക്കുകയും വലിയ പ്രതീക്ഷയോടെ തനിക്കും തന്റെ കൂടെയുള്ളവർക്കും ആഹാരം ലഭിക്കേണ്ടതിനായി ചില ഭൃത്യന്മാരെ നാബാലിന്റെ അടുക്കൽ അയയ്ക്കുകയും ചെയ്തു. എന്നാൽ നാബാൽ ദാവീദിനെ തരം താഴ്ത്തി സംസാരിക്കുകയും വെറും കൈയ്യായി അ വരെ മടക്കി അയക്കുകയും ചെയ്തു. തന്മൂലം ദാവീദിന്റെ ഭൃത്യന്മാർ നിരാശരായി മടങ്ങി. ദൈവഭയം ഇല്ലാത്തവർക്കു ദൈവം തിരഞ്ഞെടുത്തവരെ തിരിച്ചറിയുവാൻ കഴിയാതെ പോകുന്നു. അങ്ങനെ ഭക്തന്മാർ അപമാനിക്കപ്പെടുന്നു. ദൈവഭയമില്ലാത്തവർ ഇന്നും ദൈവത്തിന്റെ ഭക്തന്മാരെ അപമാനിക്കുവാൻ അഹങ്കാരത്തോടെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇത് വലിയ ഭോഷത്വമാണ്. വഷളനെ നിന്ദ്യനായി എണ്ണുകയും യഹോവഭക്തരെ ബഹുമാനിക്കുകയും ചെയ്യുന്ന വിവേകമാണ് ദൈവം ഇഷ്ടപ്പെടുന്നത് (സങ്കീർത്തനം 15:4).

അപമാനിതനായ ദാവീദ് കോപാകുലനായിത്തീർന്നു. പ്രതികാരം ചെയ്യുന്നതിന് തയ്യാറായി തന്റെ സേവകരോട് ഒപ്പം വന്ന ദാവീദിനെ, ആ പ്രതികാരപ്രവർത്തിയിൽ നിന്ന് തടഞ്ഞത് അബീഗയിലിന്റെ വിവേകമാണ്. തന്റെ ബാല്യക്കാരിൽ നിന്നും നാബാലിന്റെ ബുദ്ധിമോശം മനസിലാക്കിയ അബീഗയിൽ വേഗത്തിൽ കർമ്മനിരതയായി. അപകടം മണത്തറിയാനുള്ള വിവേകം അവൾക്കുണ്ടായിരുന്നു. ഭർത്താവിന്റെ തെറ്റ് ഏറ്റെടുക്കുവാനും ക്ഷമ ചോദിക്കുവാനും അവൾ ഒരുക്കമായിരുന്നു. പ്രശ്നങ്ങൾ ഒഴിവാക്കപ്പെടണമെങ്കിൽ അബീഗയിലിനെ പോലുള്ള സമാധാനപ്രിയരായ വിവേകമതികൾ ഉണ്ടാകണം. വാശിയും വൈരാഗ്യവും പ്രശ്നങ്ങളെ ആളിക്കത്തിക്കത്തക്കവിധം അപകടകരമാണ്. അത് കെടുത്തുവാൻ അവസരോചിതമായി, താഴ്മയോടെയുള്ള ക്ഷമാപണമേ ഉപകരിക്കയുള്ളു.പ്രിയ സഹോദരിമാരെ, നമ്മുടെ ഭവനങ്ങളിൽ സമാധാന അന്തരീക്ഷം എപ്പോഴും നിലനിർത്തുവാൻ നമുക്ക് ഉത്സാഹിക്കാം. ദൈവഭയത്തോടെയുള്ള നമ്മുടെ ജീവിതവും, പ്രാർത്ഥനയോടെ ദൈവകൃപയിൽ ആശ്രയിക്കുന്നതും, നമ്മുടെ ഭവനത്തിന്റെ സുരക്ഷയ്ക്ക് ആവശ്യമാണ്. അബീഗയിൽ ദാവീദിനോട്: ‘അടിയന്റെ കുറ്റം ക്ഷമിക്കേണമേ, യഹോവ യജമാനന് സ്ഥിരമായി ഒരു ഭവനം പണിയും; യഹോവയുടെ യുദ്ധങ്ങളെയല്ലോ യജമാനൻ നടത്തുന്നത്. ആയുഷ്ക്കാലത്തൊരിക്കലും നിന്നിൽ ദോഷം കാണുകയില്ല’(1 ശമുവേൽ 25:28). നോക്കൂ, എത്ര വിവേകത്തോടെയും പക്വതയോടെയുമാണ് അബീഗയിൽ സംസാരിക്കുന്നത്.

## ഇന്നത്തെ ആത്മികലോകവും വിമർശനത്തിന്റെയും ആരോപണങ്ങളുടെയും പുകമറയിലാണ്.

വിവേകവും പക്വതയുമൊക്കെ നമ്മുടെ സംസാരത്തിൽ പ്രതിഫലിക്കണം. അനാവശ്യ സംസാരങ്ങളിൽ നാം ഇടപെടരുത്. സംസാരിക്കേണ്ട ഇടത്തുമാത്രം, ചിന്തിച്ചും, വിവേകത്തോടെയും സംസാരിക്കുക. മറ്റുള്ളവരെ ബഹുമാനിച്ചുകൊണ്ടു സംസാരിക്കുക. ആക്ഷേപങ്ങളും വിമർശനങ്ങളും ഗുണം ചെയ്യുന്നതല്ല. യഹോവഭക്തിയുള്ള സ്ത്രീകൾ പ്രശംസിക്കപ്പെടും. അബീഗയിൽ ഇന്നും പ്രശംസിക്കപ്പെടുന്നത് അതു കൊണ്ടാണല്ലോ. ദൈവഭയം നമ്മിൽ വളരുമ്പോൾ നമ്മുടെ സ്വഭാവം ദൈവത്തിനു പ്രസാദകരമായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കും. നമ്മോടു സഹകരിക്കുന്നവർക്കു നമ്മിൽ മതിപ്പു തോന്നും. അവർ മറ്റുള്ളവരോട് നമ്മെക്കുറിച്ചു പ്രശംസിച്ചു സംസാരിക്കുവാൻ ഇടയാകും അങ്ങനെ നാം നല്ല സാക്ഷ്യത്തിന്റെ ഉടമകളായിത്തീരും. ഇന്നത്തെ ആത്മികലോകവും വിമർശനത്തിന്റെയും ആരോപണങ്ങളുടെയും പുകമറയിലാണ്. വാക്പോരും തർക്കങ്ങളുമെല്ലാം ആത്മികയുടെ അന്തസ്സിനു നിരക്കാത്തതായിത്തീരുന്നു. ആത്മിക കൂട്ടായ്മകളിൽ ദൈവസ്നേഹത്തിന്റെ പകർച്ചയില്ലാതെയായി.പ്രിയസഹോദരിമാരെ, മനംനൊന്ത് പ്രാർത്ഥിക്കുകയും വിവേകമുള്ളവരായി പ്രവർത്തിക്കുകയും ചെയ്യാം നമുക്ക്. ■



ജോൺസൺ കടമ്പനാട്

# മനുഷ്യബുദ്ധിക്കു അതീതൻ

ദൈവം മനുഷ്യബുദ്ധിക്ക് അതീതനാകയാൽ നമ്മുടെ പരിമിതമായ ബുദ്ധികൊണ്ട് പൂർണമായി ഗ്രഹിക്കാവതല്ല. ത്രിത്വം എന്നോ ത്രിയേകദൈവം എന്നോ ബൈബിളിൽ പരാമർശമില്ല. ദൈവത്തിൽ ഒന്നാമൻ, രണ്ടാമൻ, മൂന്നാമൻ എന്നിങ്ങനെ വകഭേദവും ഇല്ല. ദൈവം എന്നത് ഒരു പേരോ നാമമോ, വസ്തുവോ, സൃഷ്ടിയോ അല്ല. മനുഷ്യന്റെ ഭാഷ ഉപയോഗിച്ചു അദൃശ്യ ലോകത്തിലെ കാര്യങ്ങൾ വിവരിക്കുമ്പോൾ പരിമിതികൾ ഏറെയുണ്ട്. മോശെ, പേര് ചോദിക്കുമ്പോൾ 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' എന്നാണ് ദൈവം പറയുന്നത്. മറ്റൊന്നുമായും, ആരുമായും ദൈവത്തിനു തുലനം ചെയ്യുവാനില്ല. അതായതു ദൈവത്തിനു വർഗ്ഗമോ, ഉപവർഗ്ഗമോ, ഇനമോ, ജാതിയോ ഒന്നുമില്ല. ദൈവത്തിന്റെ സ്വാഭാവിക ഗുണവിശേഷങ്ങൾ (Natural attributes), സർവ്വശക്തനാണ്, സർവ്വവ്യാപിയാണ് സർവ്വജ്ഞാനിയാണ്, ആരംഭവും അവസാനവും ഇല്ലാത്ത നിത്യനാണ്, പരിശുദ്ധനാണ്. നമ്മുടെ കുഞ്ഞുബുദ്ധിയിൽ ദൈവം ഒതുങ്ങുന്നുമില്ല. തന്റെ സ്വഭാവവും പ്രവൃത്തിയും മനസ്സിലാക്കിയാൽ ഏതാനും ചില കാര്യങ്ങൾ നമുക്ക് ഗ്രഹിക്കാം എന്ന് മാത്രം. മുഴുവനായി ഗ്രഹിക്കുവാൻ മനുഷ്യന് കഴിയുകയില്ല. എന്നാൽ പരിമിതികൾ ഒന്നുമില്ലാത്ത ദൈവം മനുഷ്യന്റെ പരിമിതികളിൽ നിന്നുകൊണ്ട് നമുക്കുവേണ്ടി വെളിപ്പെടുകയും വെളിപ്പെടുത്തുകയും ചെയ്തു. മാത്രമല്ല, നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടി ദൈവം നിലകൊള്ളുന്നത് എങ്ങനെയെന്ന് നാം ഗ്രഹിക്കേണ്ടതിനാണ് വിവിധവും വ്യത്യസ്തവുമായ നിലകളിൽ താൻ മനുഷ്യരോട് ഇടപെട്ടുകൊണ്ടിരിക്കുന്നത്.

ദൈവം നമ്മുടെ സ്രഷ്ടാവും ഒരു പിതാവ് തന്റെ മക്കളെ ശ്രദ്ധിക്കുകയും കരുതുകയും പരിപാലിക്കുകയും ചെയ്യുന്നതിലുപരി ദൈവം തന്റെ മക്കളായ നമ്മെ പരിപാലിക്കുന്നതുകൊണ്ടുമാണ് ദൈവത്തെ പിതാവായ ദൈവം എന്ന് നാം വിളിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത്. യേശുകർത്താവാണ് ദൈവത്തെ പിതാവ് എന്ന് വിളിക്കുവാൻ ശിഷ്യന്മാരെ പഠിപ്പിച്ചത്. സമ്പൂർണ്ണ അനുസരണം നിമിത്തമാണ് യേശുകർത്താവിനെ പുത്രൻ എന്ന് വിളിക്കുന്നത്. മനുഷ്യരുടെ കാര്യത്തിൽ ഏതെങ്കിലും മാനദണ്ഡം അടിസ്ഥാനമാക്കിയാണ് ഒന്നാമൻ, രണ്ടാമൻ എന്നിങ്ങനെ തിരിക്കുന്നത്. അതിനാൽ മാനുഷിക പിതാവിന് പുത്രനെക്കാൾ പ്രായക്കൂടുതൽ ഉണ്ടായിരിക്കും. ദൈവത്തെ

**ദൈവം മനുഷ്യന്റെ പരിമിതികളിൽ നിന്നുകൊണ്ട് നമുക്കുവേണ്ടി വെളിപ്പെടുകയും വെളിപ്പെടുത്തുകയും ചെയ്തു. മാത്രമല്ല, നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടി ദൈവം നിലകൊള്ളുന്നത് എങ്ങനെയെന്ന് നാം ഗ്രഹിക്കേണ്ടതിനാണ് വിവിധവും വ്യത്യസ്തവുമായ നിലകളിൽ താൻ മനുഷ്യരോട് ഇടപെട്ടുകൊണ്ടിരിക്കുന്നത്.**

സംബന്ധിച്ചിടത്തോളം ദൈവം സ്വയസ്ഥിതനാകയാൽ, അതായതു ദൈവത്തിനു ഒരു ആരംഭം ഇല്ലാത്തതുകൊണ്ട് പിതാവ് പുത്രൻ എന്ന് തരംതിരിച്ചു പഠിക്കുമ്പോഴും പ്രായക്കൂടുതൽ പോലുള്ള മാനദണ്ഡങ്ങൾ ബാധകമേയല്ല. സ്വർഗ്ഗമഹിമകളെ മുറുകെ പിടിക്കാതെ സ്രഷ്ടാവായ ദൈവം സ്വയം ശൂന്യനാക്കി മനുഷ്യജന്മമെടുത്തു, കേവലം ഒരു സൃഷ്ടിയായി, നീചമായ കുരിശുമരണത്തോളം അനുസരിച്ചു, എന്നതിനാലാണ് ദൈവപുത്രൻ, മനുഷ്യപുത്രൻ എന്നീ പദങ്ങൾ കൊണ്ട് യേശുവിനെ തിരുവെഴുത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ദൈവത്തെ കാണുകയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യത്തക്കവണ്ണം മനുഷ്യനോട് ഇടപെടേണ്ടതിനു ദൈവം മനുഷ്യജന്മമെടുക്കേണ്ടി വന്നു. അപ്പോൾമാത്രമേ ഭയം കൂടാതെ മനുഷ്യന് ദൈവസന്നിധി പ്രാപ്യമായിരുന്നുള്ളൂ. പരിശുദ്ധാത്മാവിനെക്കുറിച്ചു കാര്യസ്ഥൻ എന്ന വാക്കാണ് യേശു ഉപയോഗിച്ചത്. 'ഈ കാര്യസ്ഥൻ എന്നേക്കും നമ്മോടു കൂടെ അഥവാ സഭയോടു കൂടെ ഇരുന്നു നടത്തേണ്ടതിനു' എന്നാണ് പറഞ്ഞിരിക്കുന്നത്. കർത്താവു പരിശുദ്ധാത്മാവിനെ കാര്യസ്ഥൻ എന്ന് പറയുമ്പോൾ ദൈവത്തിന്റെ മുഴുഅധികാരവും ഉള്ള ദൈവം തന്നെ എന്നാണ് അർത്ഥമാക്കുന്നത്.

**സ്രഷ്ടാവായ ദൈവം സ്വയം ശൂന്യനാക്കി മനുഷ്യജന്മമെടുത്തു, കേവലം ഒരു സൃഷ്ടിയായി, നീചമായ കുരിശുമരണത്തോളം അനുസരിച്ചു, എന്നതിനാലാണ് ദൈവപുത്രൻ, മനുഷ്യപുത്രൻ എന്നീ പദങ്ങൾ കൊണ്ട് യേശുവിനെ തിരുവെഴുത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്.**

ഇവിടെ മനുഷ്യനോടുള്ള ബന്ധത്തിൽ വ്യത്യസ്ത നിലകളിൽ ദൈവം കാലാകാലങ്ങളിൽ ഇടപെട്ടതിനെ അടിസ്ഥാനപ്പെടുത്തിയാണ് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ വേർതിരിച്ചു നാം പഠിക്കുന്നത്. ദൈവത്തെക്കുറിച്ചു യേശുകർത്താവ് ശമര്യക്കാരിയോട് സംസാരിക്കുമ്പോൾ ദൈവം ആത്മാവാകുന്നു എന്ന ഒരു പരമപ്രധാനമായ വെളിപ്പെടുത്തൽ നൽകുന്നുണ്ട് (യോഹന്നാൻ 4: 24). *അതുകൊണ്ടു എങ്ങനെ വേർതിരിച്ചു പഠിച്ചാലും ദൈവം ഏകൻ ആണ് എന്ന സത്യം നാം നന്നായി മനസിലാക്കേണ്ടതുണ്ട്.*

ദൈവത്തെ മനസിലാക്കുവാൻ ശ്രമിച്ചാൽ അവിടുന്ന് നിർവ്യാജസ്നേഹമാണ് എന്ന് കാണാം. കാരണം തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏതൊരാളും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുവാൻ വേണ്ടി യേശുവിനെ പാപികളായ മനുഷ്യർക്ക് നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തിലുള്ള മനുഷ്യരെ സ്നേഹിച്ചു. മേലുദ്ധരിച്ച പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന നിലയിൽ വേർതിരിച്ചു പഠിക്കുമ്പോൾ പിതാവിന്റെ നിസ്തുലസ്നേഹം ഇവിടെ കാണുന്നു. ക്രിസ്തുവോ നാം പാപികളായിരിക്കെ നമുക്കുവേണ്ടി പ്രായശ്ചിത്തയാഗമായി തന്റെ ജീവനെ നമുക്കായി നൽകികൊണ്ട് പുത്രന്റെ നിസ്തുലസ്നേഹവും വെളിപ്പെടുത്തി. നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിലൂടെ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ നിറച്ചിരിക്കുന്നു. നമ്മുടെ ഹൃദയത്തെ ഒരു വാട്ടർ ടാങ്കിനോട് ഉപമിച്ചാൽ ടാങ്ക് നിറയെ എന്നപോലെ ഹൃദയം നിറയെ ദൈവം തന്റെ നിസ്തുലസ്നേഹം പകർന്നുകൊണ്ടേയിരിക്കുന്നു. ഈ സ്നേഹത്തിന്റെ പ്രത്യേകതകൾ: അത് പരുഷമല്ല, വിദ്വേഷമോ പകയോ കൈപ്പൊ വച്ചുപുലർത്തുന്നില്ല, ക്ഷോഭിക്കുന്നില്ല, അസൂയപ്പെടുന്നില്ല, എന്നിങ്ങനെ സ്നേഹത്തിന്റെ പ്രത്യേകതകൾ നീണ്ടുപോകുന്നു. ഇവിടെയും ദൈവത്തിന്റെ നിസ്തുലസ്നേഹം പരിശുദ്ധാത്മാവും വെളിപ്പെടുത്തിയിരിക്കുന്നു. കാലാകാലങ്ങളിൽ മനുഷ്യരോട് വ്യത്യസ്ത നിലകളിൽ ഇടപെട്ട ദൈവത്തെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ വേർതിരിച്ചു നാം വിളിക്കുന്നു എങ്കിലും ദൈവം ഏകൻ മാത്രം. സ്വർഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്: പിതാവ്, വചനം അഥവാ ക്രിസ്തു, പരിശുദ്ധാത്മാവ് ഈ മൂവരും ഒന്ന് തന്നെ എന്ന് ഇംഗ്ലീഷ് KJV ബൈബിളിൽ കാണുന്നു (1 യോഹന്നാൻ 5: 7).

ദൈവത്തിന്റെ സ്നേഹത്തിനു പുറമെ മറ്റു ധാർമിക ഗുണവിശേഷങ്ങൾ ചിലതുകൂടി ചിന്തിക്കാം. മുകളിൽ ചിന്തിച്ചതുപോലെ ദൈവം സ്നേഹം മാത്രമല്ല നീതിമാനും പാപക്ഷമ പ്രാപിക്കാത്ത പാപിക്ക് നിർദാക്ഷണ്യം ശിക്ഷ നൽകുന്നവനും കൂടിയാണ്. ആ ശിക്ഷയിൽ നിന്ന് വിടുതൽ പ്രാപിക്കുവാനാണ് അവിടുന്ന് മനുഷ്യജന്മം എടുത്തു ലോകത്തിൽ വന്നു ക്രൂശിൽ

മരിച്ചു ഉയർത്തെഴുന്നേറ്റു സ്വർഗാരോഹണം ചെയ്തത്. ഇത് അംഗീകരിക്കുകയും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ മാത്രമേ നിത്യശിക്ഷയിൽ നിന്നുള്ള വിടുതൽ മനുഷ്യന് ലഭിക്കുകയുള്ളു. ദൈവം സത്യമാണ്, മനസ്സലിവുള്ളവനാണ്, ദീർഘക്ഷമയുള്ളവനാണ് കരുണയും കൃപയും നിറഞ്ഞവനാണ്. സകല സത്ഗുണങ്ങളുടെയും ഉറവിടമാണ്.

**ദൈവം സത്യമാണ്, മനസ്സലിവുള്ളവനാണ്, ദീർഘക്ഷമയുള്ളവനാണ് കരുണയും കൃപയും നിറഞ്ഞവനാണ്. സകല സത്ഗുണങ്ങളുടെയും ഉറവിടമാണ്.**

മനുഷ്യ ശരീരത്തിന്റെ ഘടനയും പ്രവർത്തനങ്ങളും സംബന്ധിച്ച് മെഡിക്കൽ സയൻസിന്റെ പഠനങ്ങൾ പോലും പൂർണമായിട്ടില്ല. മനുഷ്യന്റെ അവസ്ഥ ഇങ്ങനെ പരിമിതം ആകുമ്പോൾ അഖിലാണ്ഡത്തിന്റെ സ്രഷ്ടാവായ ദൈവത്തെക്കുറിച്ചു മനുഷ്യന് പൂർണമായി ഗ്രഹിക്കുവാൻ പരിമിതിയുണ്ട് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. 'ആത്മാവിനെ അനുസരിച്ചു നടപ്പീൻ എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കായില്ല' (ഗലാത്യർ 5:16). എന്ന് വച്ചാൽ കർത്താവു ആഗ്രഹിക്കുന്നതുപോലെ ജീവിക്കുവാൻ കഴിയുന്നത് ആത്മാവിനെ അനുസരിക്കുന്നതിലൂടെ മാത്രമാണ്. പരിശുദ്ധാത്മാവ് ഒരു പാഠ്യ വിഷയമല്ല, മറിച്ചു ദൈവത്തെ രുചിച്ചറിയുന്ന അനുഭവത്തിലേക്കുള്ള നടത്തിപ്പാണ്. ഈ അനുഭവ നിറവാണ് നമ്മെ ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവിലേക്കു നയിക്കുന്നത്. ദൈവവും ഒരു പാഠ്യ വിഷയമല്ല, പ്രത്യുത ആത്മനിറവിൽ ദൈവത്തെ താനായിരിക്കുന്നതുപോലെ കണ്ടു വണങ്ങുന്ന തേജസിന്റെ ചിത്രം ആത്മാവിൽ ഒന്ന് ചിന്തിച്ചു നോക്കുക. എത്ര ആനന്ദദായകം ആയിരിക്കും അത്. പരിശുദ്ധാത്മാവിനാലത്രേ യേശുവിനെ കർത്താവും രക്ഷിതവുമായി നമുക്ക് അംഗീകരിക്കുവാൻ പറ്റുന്നത്. യേശുകർത്താവിനെക്കുറിച്ച് കൂടുതൽ വെളിപ്പാടുകൾ ലഭിക്കുന്നതും പരിശുദ്ധാത്മാവ് മുഖാന്തിരമാണ്. തേജസ്കരിക്കപ്പെട്ടവനായ ക്രിസ്തുവിനെ പത്മോസിൽ വച്ച് യോഹന്നാൻ ദർശിച്ചത് ആത്മവിവശതയിലായിരുന്നല്ലോ.

ദൃശ്യവും അദൃശ്യവുമായ അഖിലാണ്ഡത്തെയും സകല ജീവജാലങ്ങളെയും സൃഷ്ടിച്ചുണ്ടാക്കിയ അത്യുന്നതനും അസാധ്യമൊന്നുമില്ലാത്തവനുമായ സർവശക്തനായ ദൈവത്തെ കേവലം സൃഷ്ടി മാത്രമായ നമുക്ക് നമ്മുടെ ബുദ്ധി കൊണ്ട് മുഴുവനായി മനസിലാക്കുക നിശ്ചയമായും അസാധ്യമാണ്. ഇത് ഒരു ചെറിയ കഥയിലൂടെ വ്യക്തമാക്കാം. ബുദ്ധികൊണ്ട് ദൈവത്തെ കണ്ടെത്തുവാൻ ശ്രമിച്ച ഒരു മനുഷ്യൻ കടൽത്തീരത്ത് കൂടി നടക്കുകയായിരുന്നു. ഏതാണ്ട് അഞ്ചു വയസുള്ള ഒരു കുട്ടി കടൽക്കരയിൽ അവന്റെ കൈകൊണ്ടു കുഴിച്ച കുഴിയിൽ ഒരു ചെറിയ പാത്രം ഉപയോഗിച്ച് കടലിലെ വെള്ളം കോരികൊണ്ടു വന്നു ഒഴിച്ച് കൊണ്ടേ ഇരുന്നു. ഈ പ്രവൃത്തി ശ്രദ്ധിച്ച ആ വ്യക്തി കുറെ സമയം അവനെ നിരീക്ഷിച്ചുകൊണ്ടിരുന്നു. കുട്ടി എന്ത് ഉദ്ദേശ്യത്തോടെയാണ് ഇങ്ങനെ ചെയ്യുന്നതെന്ന് മനസിലായില്ല. അല്പസമയത്തിനു ശേഷം അവനോടു തന്നെ അദ്ദേഹം അവന്റെ ലക്ഷ്യം എന്താണെന്നു തിരക്കി. അവൻ പറഞ്ഞു: ഈ കടലിലെ വെള്ളം മുഴുവൻ കോരി ഈ കുഴിയിൽ ഒഴിച്ച് കടൽ വറ്റിക്കുവാൻ പോവുകയാണ്. ഇത് കേട്ട് എന്ത് പറയണമെന്ന് അറിയാതെ അദ്ദേഹം നിൽക്കുമ്പോൾ തന്റെ മനസ്സിൽ ഒരു ചോദ്യം ഉയർന്നു വന്നു. ഇത് തന്നെയല്ലേ നീയും ചെയ്യുന്നത്?

ആഴിയെക്കാളും ആഴവും പരപ്പും അഗാധതയും ഉള്ള അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും ഉടയവനുമായ മഹാദൈവത്തെ നിന്റെ ബുദ്ധിയാകുന്ന കുഞ്ഞു കുഴിയിൽ ഉൾകൊള്ളിക്കുവാനല്ലേ നീയും ശ്രമിച്ചു കൊണ്ടിരിക്കുന്നത്? അത് അസാധ്യമെന്നു ഇനിയെങ്കിലും നീ മനസിലാക്കുക.

അതുകൊണ്ടാണ് വിശ്വാസത്താൽ ദൈവത്തെ അനുഭവിച്ചു അറിയുക എന്ന് തിരുവെഴുത്തു പഠിപ്പിക്കുന്നത്. ഉദാഹരണത്തിന്, അദൃശ്യദൈവത്തെ സ്വന്ത കണ്ണാൽ കണ്ടു എന്നത് പോലെ ഒരു ഉറപ്പു മോശെയുടെ ഉള്ളിൽ ഉണ്ടായതാണ് വിശ്വാസം. അതായതു ഈ ഉറപ്പു തന്നെയാണ് വിശ്വാസം. വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17). എല്ലാവരിലും ഏതെങ്കിലും ഒരു വിശ്വാസം ഉണ്ടായിരിക്കുമല്ലോ. എന്നാൽ ദൈവം അംഗീകരിക്കുന്നതും പ്രസാദിക്കുന്നതുമായ വിശ്വാസം ക്രിസ്തുവിന്റെ വചനത്താൽ ഉളവാകുന്ന വിശ്വാസം മാത്രമാണ്. ■

## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്



# ദൈവരാജ്യം

ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ, ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം. ബലവാനെ പിടിച്ചുകെട്ടിയിട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു കവർന്നു കളയുവാൻ എങ്ങനെ കഴിയും? പിടിച്ചുകെട്ടിയാൽ പിന്നെ അവന്റെ വീട് കവർച്ച ചെയ്യാം. എനിക്ക് അനുകൂലമല്ലാത്തവൻ എനിക്ക് പ്രതികൂലമാകുന്നു; എന്നോട് കൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു (മത്തായി 12:28 - 30).

ദൈവരാജ്യത്തിന്റെ അധിപതി ദൈവമാണ്. ദൈവീക ആധിപത്യം സ്ഥാപിക്കപ്പെടുമ്പോൾ ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നു. ദൈവത്തിന്റെ ഇഷ്ടമാണ് ദൈവരാജ്യത്തിൽ നിറവേറുന്നതു. ദൈവേഷ്ടം ന്യൂനതകളും അപാകതകളും ഇല്ലാത്തതാണ്. അത് നന്മയും പ്രസാദവും പൂർണ്ണതയും ഉള്ളതാണ് (റോമർ 12:2). ദൈവരാജ്യം വരേണമേ എന്നും ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിൽ ആകണമെന്നും പ്രാർത്ഥിക്കുവാനാണ് യേശുകർത്താവ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്.

**ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവനെ അനുഗ്രഹിച്ചു കല്പന നൽകിയത് ദൈവത്തിന്റെ പ്രതിനിധിയായി ഭൂമിയിൽ വാഴുവാനായിരുന്നു.**

ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവനെ അനുഗ്രഹിച്ചു കല്പന നൽകിയത് ദൈവത്തിന്റെ പ്രതിനിധിയായി ഭൂമിയിൽ വാഴുവാനായിരുന്നു.ദൈവം അവരെ അനുഗ്രഹിച്ചു: 'നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മൽസ്യത്തിന്മേലും ആകാശത്തിലെ പറവജാതിമേലും സകല ഭൂചരജന്തുവിൻമേലും വാഴുവീൻ എന്ന് അവരോടു കല്പിച്ചു' (ഉല്പത്തി 1:28). എന്നാൽ പിശാചിന്റെ പരീക്ഷയിൽ തോറ്റ മനുഷ്യൻ ദൈവം നൽകിയ അധികാരവും പദവിയും നഷ്ടപ്പെടുത്തി. ഭൂമിയുടെ മേലും മനുഷ്യന്റെമേലും പിശാച് ആധിപത്യം ഉറപ്പിച്ചു. അങ്ങനെ ദൈവരാജ്യത്തിൽ നിന്നും അന്യപ്പെട്ടുപോയ മനുഷ്യനെ വീണ്ടെടുത്ത് ദൈവരാജ്യത്തിൽ ആക്കുക എന്നതാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം.

ദൈവരാജ്യത്തിനു അധിപതിയായവൻ ഭൂമിയിൽ മനുഷ്യനെ തേടിയെത്തിയപ്പോൾ ദൈവരാജ്യം മനുഷ്യന് വീണ്ടും സമീപമായി ത്തീർന്നു; ദൈവരാജ്യം അവന്റെ ഏറ്റവും അടുക്കൽ കൈയെത്തും ദൂരത്തു എത്തി. യേശുവിനു വഴി ഒരുക്കുവാൻ അയക്കപ്പെട്ട സ്നാപകയോഹന്നാൻ വിളിച്ചു പറഞ്ഞു: (മത്തായി 3:2)സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെടുവിൻ. യേശുകർത്താവ് തന്റെ പരസ്യ

ശുശ്രൂഷയിൽ പ്രഘോഷിച്ചത് 'കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്ത രപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പീൻ' (മർക്കോസ്1:15) എന്നായിരുന്നു.

സാത്താന്റെ ആധിപത്യത്തിലായിത്തീർന്ന ഭൂമിയിൽ ദുരാത്മാക്കൾ ഊടാടി സഞ്ചരിക്കു വാൻ തുടങ്ങി. മനുഷ്യ ജീവിതത്തെ ദുഷ്ക്കരമാ ക്കിക്കൊണ്ടു അവ സാത്താന്റെ നേതൃത്വത്തിൽ പ്രവർത്തനം തുടങ്ങി. അനേകരിൽ ദുരാത്മാക്കൾ കയറി പാർത്തു. രോഗങ്ങൾ മനുഷ്യരിൽ അടിച്ചേൽപ്പിച്ചു. ഭിന്നതയും കലഹവും മത്സര വുമെല്ലാം മനുഷ്യരുടെ ഇടയിൽ വളർത്തി. അ ശുദ്ധ ചിന്തകളാലും വികാരങ്ങളാലും മനുഷ്യരെ അധ:പ്പതിപ്പിച്ചു. മോഷണവും കൊലപാതകവും വഞ്ചനയും മനുഷ്യന് ഭയം വർധിപ്പിക്കുന്ന തിന്മ കളായി സമൂഹത്തിൽ വളർന്നു. മദ്യപാനവും മയക്കുമരുന്നും പോലുള്ള തിന്മകളുടെ കളകൾ മനുഷ്യ ജീവിതം കൂടുതൽ നരകതുല്യമാക്കി. ഇങ്ങനെ സാത്താനും അവന്റെ ദുരാത്മാക്കളും സ്വൈര്യവിഹാരം നടത്തുന്ന ശാപഗ്രസ്തമായ ഒരിടമായി ഈ ഭൂമി അധ:പ്പതിച്ചു. മനുഷ്യന്റെ പാപത്തിന്റെ പരിണിത ഫലം ഈ ഭൂമിയിൽ ഭയാനകമായിരിക്കുന്നത് പോലെ മരണാന്തര ജീവിതം രക്ഷപ്പെടുവാൻ സാധ്യമല്ലാത്ത നരക മായി തീർന്നു.

പിശാചിന്റെ പ്രവർത്തികളെ അഴിക്കുവാൻ ആണ് ദൈവപുത്രനായ യേശുക്രിസ്തു മനുഷ്യ നായി ഭൂമിയിൽ വന്നത്. തന്റെ പരസ്യ ശുശ്രൂഷ കളിൽ അനേക ആളുകളിൽ നിന്ന് ദുരാത്മാക്കളെ പുറത്താക്കി, നാനാവിധ ദീനക്കാരെ സൗഖ്യ മാക്കി, കർത്താവു ഇപ്രകാരം ചെയ്തു കൊണ്ട് 'ദൈവരാജ്യം നിങ്ങളുടെ അടുക്കൽ എത്തിയിരി ക്കുന്നു' എന്നാണ് അവരോടു പറഞ്ഞത്. അവ രുടെ അടുക്കൽ എത്തിയ ദൈവരാജ്യത്തിൽ കടക്കുവാൻ ദൈവരാജ്യത്തിന്റെ രാജാവായയേശു ക്രിസ്തുവിൽ വിശ്വസിച്ചു തന്റെ കർതൃത്വത്തെ അംഗീകരിക്കണം. പിശാചിൽ നിന്നുള്ള യഥാർത്ഥ സ്വാതന്ത്ര്യം ദൈവരാജ്യത്തിൽ മാത്ര മാണ് അനുഭവിക്കുവാൻ കഴിയുന്നത്.

ദൈവരാജ്യത്തിലെ വ്യവസ്ഥിതികൾ എല്ലാം പരിശുദ്ധാത്മാവിൽ ആണ് നിയന്ത്രിക്കപ്പെടുന്നത്. ഭക്ഷണ പാനീയങ്ങളുടെ ആസ്വാദനമല്ല ദൈവ രാജ്യത്തിന്റെ അനുഭവം. ഭൂമിയിൽ ജീവിക്കുന്ന എല്ലാവരും ആസ്വദിക്കുന്നതാണ് ഭക്ഷണ പാനീ യങ്ങൾ. അതിന്റെ പേരിൽ വിവിധ വിശ്വാസങ്ങ ളും തർക്കങ്ങളും വിവേചനവും ഇവിടെ നിലനിൽ ക്കുന്നു. എന്നാൽ ദൈവരാജ്യത്തിന്റെ യഥാർത്ഥ അനുഭവം നീതിയും സമാധാനവും പരിശുദ്ധാ ത്മാവിലെ സന്തോഷവും ആണെന്ന് തിരു വെഴുത്തു നമ്മെ പ്രബോധിപ്പിച്ചിരിപ്പിക്കുന്നു. (റോമർ14:17). ദൈവരാജ്യത്തിലുള്ളവർ ക്രിസ്തു വിനെ സേവിക്കുന്നവരും ദൈവത്തെ പ്രസാദിപ്പി ക്കുന്നവരും മനുഷ്യർക്ക് കൊള്ളാകുന്നവരും ആണ് (റോമർ 14:18). കാരണം അവർ പരിശുദ്ധാ ത്മാവിൽ നിയന്ത്രിതരാണ്.

യേശു ദുരാത്മാക്കളെ പുറത്താക്കിയത് പരി ശുദ്ധാത്മാവിനാലാണ്. പിശാചിന്റെ പ്രവർത്ത നങ്ങൾ തകരുന്നത് പരിശുദ്ധാത്മാവിനാലാണ്. വീണ്ടും ജനനത്താൽ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർക്കു (യോഹന്നാൻ 3:3,5) എല്ലാം അവരെ വഴിനടത്തുവാൻ, ജയകരമായ ജീ വിതത്തിനു പ്രാപ്തരാക്കുവാൻ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ നൽകിയിരിക്കുന്നു (യോഹ ന്നാൻ 14:16). അതുകൊണ്ട് യേശു ഭൂതങ്ങളെ പുറ ത്താക്കിയത് പോലെ തന്നിൽ വിശ്വസിക്കുന്ന വരും ഭൂതങ്ങളെ പുറത്താക്കും എന്ന് യേശു അരുളിച്ചെയ്തു (മർക്കോസ്16:17).

'ബലവാനെ പിടിച്ചു കെട്ടിയിട്ടല്ലാതെ ബല വാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു കവർന്നു കളയുവാൻ എങ്ങനെ കഴിയും'. പിടിച്ചു കെട്ടി യാൽ പിന്നെ അവന്റെ വീട് കവർച്ച ചെയ്യാം (മത്തായി 12:29). ആരാണ് ഈ ബലവാൻ? പിശാച്! ബലവാനെ പിടിച്ചു കെട്ടിയതാര്? യേശുക്രിസ്തു! സ്നാനത്തിനു ശേഷം യേശുക്രി സ്തുവിനെ പരിശുദ്ധാത്മാവ് പിശാചിനാൽ പരീ ക്ഷിക്കപ്പെടേണ്ടതിനു മരുഭൂമിയിലേക്ക് നടത്തി (മത്തായി 4:1, ലൂക്കോസ് 4: 1, മർക്കോസ് 1 : 12). നാൽപ്പതു ദിവസം വിവിധ പരീക്ഷകളെ അഭിമു ഖീകരിച്ച കർത്താവു എല്ലാ പരീക്ഷകളിലും തിളക്കമാർന്ന വിജയം കൈവരിച്ചു, സാത്താനെ തോൽപ്പിച്ചു. സാത്താനെ തോൽപ്പിച്ചതിലൂടെ വാസ്തവത്തിൽ കർത്താവു ബലവാനായി അറി യപ്പെട്ടിരുന്ന അവനെ പിടിച്ചുകെട്ടുകയായിരുന്നു. തുടർന്ന് കർത്താവ് അവന്റെ വീട്ടിൽ, അതായത് പാപത്തിന്റെ അടിമത്വത്തിൽ അവന്റെ അധികാ രത്തിൽ ബദ്ധരാക്കപ്പെട്ടിരുന്നവരെ സ്വതന്ത്ര രാക്കി; ഭൂതാത്മാക്കളെ പുറത്താക്കി ഭൂതബാധി തരെ സൗഖ്യമാക്കി. എല്ലാവിധ രോഗികളെയും സൗഖ്യമാക്കി ജനങ്ങൾക്ക് ആശ്വാസം നൽകി. കർത്താവു ഭൂതാത്മാക്കളെ പുറത്താക്കുവാനും

വ്യാധികളെ സുഖപ്പെടുത്തുവാനും തന്റെ ശിഷ്യന്മാർക്കു അധികാരം നൽകി. അവരെ ഈരണ്ടു പേർ വീതമായി അയച്ചു (മത്തായി 10:1, ലൂക്കോസ് 10: 1). അവർ പുറപ്പെട്ടുപോയി ഭൂതാത്മാക്കളെ പുറത്താക്കുകയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്തു (മർക്കോസ് 6 : 12,13).

ഭൂതങ്ങൾ കീഴടങ്ങുന്നത് ശിഷ്യന്മാർക്കു അത്ഭുതം ഉളവാക്കുന്ന സംഭവമായിരുന്നു. ആ എഴുപതു പേർ സന്തോഷത്തോടെ മടങ്ങിവന്നു: 'കർത്താവെ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്ക് കീഴടങ്ങുന്നു എന്ന് പറഞ്ഞു' (ലൂക്കോസ് 10: 17 ). അതിനു കർത്താവ് കൊടുത്ത മറുപടി ശ്രദ്ധേയമാണ്. 'സാത്താൻ മിന്നൽ പോലെ ആകാശത്തുനിന്നും വീഴുന്നത് ഞാൻ കണ്ടു, പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു; ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയുമില്ല' (ലൂക്കോസ് 10: 18,19). ബലവാനെ കർത്താവ് പിടിച്ചുകെട്ടിയതു കൊണ്ട് ശിഷ്യന്മാർക്കു ഭൂതങ്ങളെ പുറത്താക്കുന്നതും രോഗികളെ സൗഖ്യമാക്കുന്നതും അനായാസമായ ശുശ്രൂഷ ആയിത്തീർന്നു. സ്വർഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന എല്ലാവരും ദൈവരാജ്യത്തിലുള്ളവരും അവർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരുമാണ്. അവർക്കു ദുരാത്മാക്കളുടെ മേൽ അധികാരം ഉണ്ട്. അവർ ആ അധികാരം ഉപയോഗിക്കുകയും സാത്താന്റെ വീട് കവർച്ച ചെയ്തു പാപത്തിന്റെ അടിമത്വത്തിൽ കഴിയുന്നവരെ സ്വതന്ത്രമാക്കുകയും വേണം.

കർത്താവിനു അനുകൂലമായിരിക്കുന്നവരെ അഥവാ കർത്താവിനോടു കൂടെ നിന്ന് പ്രവർത്തിക്കുന്നവരെയാണ് കർത്താവു തിരയുന്നത്. അവർ ജനങ്ങളെ യേശുവിനോട് ചേർക്കുന്നവരാണ്. കർത്താവിൽ വിശ്വസിച്ചു, യേശുവിന്റെ കർതൃത്വം സ്വീകരിച്ചു ദൈവരാജ്യത്തിൽ കടക്കാത്തവർ കർത്താവിനു പ്രതികൂലം ആയിരിക്കുന്നു. അവർ കർത്താവിങ്കലേക്കു ജനം വരാതവണ്ണം അവരെ ചിന്താക്കുഴപ്പത്തിലാക്കി ചിതറിച്ചു കളയുന്നവരാണ്. കർത്താവിനെ വിമർശിച്ച പരീശന്മാരെയും ശാസ്ത്രിമാരെയും മറ്റുമാണ് തനിക്കു പ്രതികൂലമായി കർത്താവു കാണുന്നത്. അവർ ജനങ്ങളെ കർത്താവിങ്കൽ നിന്നും പിന്തിരിപ്പിക്കുന്നവരായിരുന്നു.

ബലവാനെ പിടിച്ചുകെട്ടിയ കർത്താവു കാൽവറിക്രൂശിലെ മരണത്താൽ അവനെ പൂർണമായും പരാജയപ്പെടുത്തി, എല്ലാ ആയുധങ്ങളും പിടിച്ചെടുത്തു. ആകയാൽ ഇന്ന് പിശാച് ദുർബലനും നിരായുധനുമാണ്. അവനെ നാം ഭയപ്പെടേണ്ടതില്ല. അവൻ അലറുന്ന സിംഹം പോലെ (1 പത്രോസ് 5 : 8 ) അഭിനയിക്കുന്നതേയുള്ളു. അതിനാൽ പിശാചിനോട് എതിർത്തുനിൽക്കുന്നതും ദുരാത്മാക്കളെ പുറത്താക്കി ജനത്തെ സ്വതന്ത്രമാക്കുന്നതും കർത്താവിന്റെ ശിഷ്യന്മാർക്കു ചെയ്യാൻ കഴിയുന്ന ശുശ്രൂഷയാണ്. നമ്മുടെ ഈ അധികാരം തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാൻ നമുക്ക് ഇടയാകട്ടെ. ■

## പുതിയനിയമ യാഗം

**കണ്ണു കൊണ്ട് മോഹിപ്പാൻ പ്രലോഭിപ്പിക്കപ്പെടുമ്പോൾ കണ്ണുകളെ ജീവനുള്ള യാഗമായി ദൈവത്തിനു സമർപ്പിക്കുക. നുണ പറയുവാനോ, ദൂഷണം പറയുവാനോ, അസഭ്യം പറയുവാനോ പരീക്ഷിക്കപ്പെടുമ്പോൾ നാവിനെ ജീവനുള്ള യാഗമായി ദൈവത്തിനു സമർപ്പിക്കുക. മറ്റൊരാളെ ദേഹോപദ്രവം ചെയ്യുവാൻ പ്രകോപനം ഉണ്ടായാൽ കൈകളെ ജീവനുള്ള യാഗമായി ദൈവത്തിനു സമർപ്പിക്കുക. ദൂഷണം കേൾക്കാതെ ചെവികളെ യാഗപീഠത്തിൽ അർപ്പിക്കുക. ഒരിക്കൽ യാഗപീഠത്തിൽ അർപ്പിച്ചത് ആരും മടക്കി എടുക്കുകയില്ലല്ലോ. ഇങ്ങനെ കണ്ണുകളെയും നാവിനെയും കാതുകളെയും കൈകളെയും സമർപ്പിക്കുമ്പോൾ നമ്മുടെ ശരീരത്തെ ജീവനുള്ള യാഗമായി ദൈവത്തിനു സമർപ്പിക്കുക ആണ്. ഇത് സത്യത്തിൽ, ആത്മാവിലുള്ള ആരാധന ആണ്. കവിഞ്ഞൊഴുകുന്ന സ്നേഹത്തിൽ, കർത്താവിന്റെ വാക്കുകൾ നാം അനുസരിക്കുമ്പോൾ അതല്ലേ ആരാധന? ഇത് ആഴ്ചയിൽ ഒരു ദിവസം മതിയോ? ഏഴു ദിവസവും തുടരെ അർപ്പിക്കേണ്ടുന്ന യാഗം, നമ്മുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ ജീവനുള്ള ബലിയായി സമർപ്പിക്കുകയാണ്.**

നിങ്ങൾക്ക് സമൃദ്ധമായുണ്ടാകും (ലേവ്യർ 26:10). ദേശത്തു സമൃദ്ധി (Prosperity)വഴിഞ്ഞൊഴുകും".

സമൃദ്ധിമാത്രമല്ല, സംരക്ഷണവും(protection) നിങ്ങൾക്കുണ്ടാകും."ഞാൻ ദേശത്തുനിന്നു ദുഷ്ട മൃഗങ്ങളെ നീക്കിക്കളയും. വാൾ നിങ്ങളുടെ ദേശത്തുകൂടെ കടക്കയുമില്ല (ലേവ്യർ 26:6) നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ ഓടിക്കും (ലേവ്യർ 26:7). ശത്രുക്കൾ നിങ്ങളുടെ മുമ്പിൽ വാളിനാൽ വീഴും(ലേവ്യർ 26:8).

സമൃദ്ധിയും സംരക്ഷണവും ലഭിച്ചാൽ സമാധാനവും അതോടൊപ്പമുണ്ടാകുമല്ലോ. "നിങ്ങൾ തൃപ്തരായി അഹോവൃത്തി കഴിച്ച് ദേശത്തു നിർഭയം വസിക്കും''(ലേവ്യർ 26:5). ഞാൻ ദേശത്തു സമാധാനം തരും. നിങ്ങൾ കിടക്കും. ആരും നിങ്ങളെ ഭയപ്പെടുത്തുകയില്ല(ലേവ്യർ 26:6). നിങ്ങളോടുള്ള എന്റെ നിയമം ഞാൻ സ്ഥിരമാക്കും". (ലേവ്യർ 26:9).

എന്നാൽ അടുത്തതാണ് യഥാർഥ അനുഗ്രഹം. ഇതുവരെയുള്ളത് സമൃദ്ധി (Prosperity) ആയിരുന്നെങ്കിൽ ഇനിയുള്ളത് അനുഗ്രഹമാണ് (blessing).'ഞാൻ എന്റെ നിവാസം(tabernacle) നിങ്ങളുടെയിടയിൽ ആക്കും. എന്റെയുള്ളം നിങ്ങളെ വെറുക്കുകയുമില്ല. ഞാൻ നിങ്ങളുടെയിടയിൽ സഞ്ചരിച്ചുകൊണ്ടിരിക്കും. ഞാൻ നിങ്ങൾക്കു ദൈവവും നിങ്ങൾ എനിക്കു ജനവുമായിരിക്കും.."(ലേവ്യർ 26:11,12).

ഇവിടെ ദൈവം വാഗ്ദാനം ചെയ്യുന്നത് ദൈവത്തിന്റെ സാന്നിധ്യമാണ്. ദൈവത്തിന്റെ സാന്നിധ്യം സമൃദ്ധിയും സമാധാനവും സുരക്ഷിതത്വവും കൊണ്ടുവന്നേക്കാം; അവന്റെ അസാന്നിധ്യം ദാരിദ്ര്യവും അശാന്തിയും അരക്ഷിതത്വവും കൊണ്ടുവന്നേക്കാം. ആത്യന്തികമായി കാര്യങ്ങളെ മാറ്റി മറിക്കുന്നത് ദൈവത്തിന്റെ സാന്നിധ്യമാണ്. എന്നാൽ ദൈവത്തിന്റെ സാന്നിധ്യമറിയുന്നവന് ദാരിദ്ര്യവും സമൃദ്ധിയുമുണ്ട്; ശത്രുക്കളുടെ മധ്യത്തിലും സുരക്ഷിതത്വമുണ്ട്; കൊടുങ്കാറ്റിനുള്ളിലും സമാധാനമുണ്ട്.

ദൈവത്തിന്റെ സാന്നിധ്യമാണ് ഏറ്റവും പ്രധാനം, പുറപ്പാട് 32 മുതൽ ജനം ദൈവത്തെ വിട്ട് കാളക്കുട്ടിയെ വാർത്തുണ്ടാക്കി. ഇതിൽ മനസ്സു മടിച്ച് ദൈവം അവരോടു പറയുന്നു: "ഇനി ഞാൻ നിങ്ങളുടെ നടുവിൽ നടക്കുകയില്ല''(പുറപ്പാട്33:3). നമ്മുടെ വേദഭാഗത്തു

**ആത്യന്തികമായി കാര്യങ്ങളെ മാറ്റി മറിക്കുന്നത് ദൈവത്തിന്റെ സാന്നിധ്യമാണ്. എന്നാൽ ദൈവത്തിന്റെ സാന്നിധ്യമറിയുന്നവന് ദാരിദ്ര്യവും സമൃദ്ധിയുമുണ്ട്; ശത്രുക്കളുടെ മധ്യത്തിലും സുരക്ഷിതത്വമുണ്ട്; കൊടുങ്കാറ്റിനുള്ളിലും സമാധാനമുണ്ട്.**

കർത്താവു പറയുന്നു: വിഗ്രഹങ്ങളെ ഉണ്ടാക്കരുത് (ലേവ്യർ 26:1) എന്നാൽ ഞാൻ നിന്റെ കൂടെ സഞ്ചരിക്കാം(ലേവ്യർ 26:12). ഒന്നു തിരിഞ്ഞാൽ വിഗ്രഹം ഉണ്ടാക്കുന്ന കൂട്ടരാണിവർ എന്നോർക്കണം. അനുസരണം ആനന്ദമാക്കിയ ജനത്തോട് ഇടപെടുന്നതുപോലെയല്ല ദുശ്ശാഠ്യമുള്ള ജനത്തോട് ദൈവം ഇടപെടുന്നത്. യിസ്രായേൽ ദുശ്ശാഠ്യമുള്ള ജനം. കാളക്കുട്ടിയെ ഉണ്ടാക്കിയ യിസ്രായേലിന്റെമേൽ ദൈവകോപം നിപതിക്കാതിരിക്കേണ്ടതിന് മോശെ ദൈവത്തിന്റെ മുമ്പാകെ സാഷ്ടാംഗം വീണു... "കർത്താവേ, എന്നോടു കൃപയുണ്ടെങ്കിൽ ഞങ്ങളുടെ മധ്യേ നടക്കേണമേ... ഇതു ദുശ്ശാഠ്യമുള്ള ജനം തന്നെ; എങ്കിലും ഞങ്ങളുടെ അകൃത്യവും പാപവും ക്ഷമിച്ച് ഞങ്ങളെ നിന്റെ അവകാശമാക്കണമേ എന്നു പറഞ്ഞു"(പുറപ്പാട്43:8,9).

ഈ സാഹചര്യത്തിലാണ് ദൈവം അനുഗ്രഹത്തെ നിയമവുമായി ബന്ധപ്പെടുത്തുന്നത്: 'അതിന് യഹോവ അരുളിച്ചെയ്തതെന്തെന്നാൽ, ഞാൻ ഒരു 'നിയമം' ഉണ്ടാക്കുന്നു... ഇന്നു ഞാൻ നിന്നോടു കല്പിക്കുന്നതു സൂക്ഷിച്ചുകൊൾക... വിഗ്രഹങ്ങളെ തകർത്തുകളയുക, അന്യദൈവത്തെ സമസ്കരിക്കരുത്... (പുറപ്പാട് 34 :10 -17). ദൈവമക്കൾക്കു ദൈവം നല്കുന്ന മഹത്തായ അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ ഭൗതിക സമൃദ്ധിയുടെ വിവരണം കൂടെ ഉൾക്കൊള്ളുന്ന രണ്ടു വേദഭാഗങ്ങൾ (ലേവ്യർ 26, ആവർത്തനം 28) മാഗ്നിഫൈ ചെയ്തു പ്രസംഗിക്കുന്ന ക്രൂസേഡ് പ്രസംഗകർ നമുക്കൊക്കെ പരിചിതരാണല്ലോ. അനുസരിക്കുന്നവർക്കു അനുഗ്രഹം പ്രഖ്യാപിക്കുന്ന ഈ വചനങ്ങൾ ഇന്നു പ്രസക്തമല്ലേയെന്നു ചോദിച്ചാൽ, തീർച്ചയായും ഇതു പ്രസക്തം തന്നെ. ദൈവത്തിന്റെ വാക്കുകളല്ലെ അവ? അതു ഒരു കാലഘട്ടത്തിലും അപ്രസക്ത

മാവുകയില്ല. എന്നാൽ അനുഗ്രഹം മോഹിച്ച് അനുസരിക്കുന്നത് ഒരു ഉദാത്ത പദ്ധതിയാണോ എന്നു ചോദിച്ചാൽ അല്ല എന്നു പറയാതെ നിർവാഹമില്ല! പുതിയനിയമ വിശ്വാസിയെ, അനുഗ്രഹം മോഹിച്ച് കല്പന അനുസരിക്കുന്ന ദുശ്ശാഠ്യമുള്ള യിസ്രായേൽ ജനത്തോടല്ല ഉപമിക്കേണ്ടത്. 'കൂലികിട്ടുന്ന ദാസൻ' എന്ന തീരെക്കുറഞ്ഞ ഒരു ബന്ധമല്ല, അതിനപ്പുറത്ത് മനസ്സോടെ അനുഗമിക്കുന്ന 'ശിഷ്യൻ' എന്ന ബന്ധമാണ് പുതിയനിയമ വിശ്വാസിക്ക് ദൈവത്തോടുള്ളത്. അതുകൊണ്ടുതന്നെ ഒരു ശിഷ്യൻ ഇവിടെക്കിട്ടുന്ന മുളകിന്റെയും റബ്ബറിന്റെയും വിളവിനെപ്പറ്റിയും ഷെയറിന്റെ ഡിവിഡന്റിനെപ്പറ്റിയും പാടി നടക്കുകയില്ല. അനുസരണത്താൽ കിട്ടുന്ന സമൃദ്ധിയിലല്ല. അനുസരണത്തിൽതന്നെയാണ് ശിഷ്യന്റെ ആനന്ദം!

യേശു പറഞ്ഞു: നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹന്നാൻ 14:15). പുതിയനിയമത്തിന്റെ തത്വമാണിത്. അനുസരണം സ്നേഹംകൊണ്ടാണുണ്ടാകുന്നത്; കാരണം, യേശു തന്റെ രാജ്യം പണിതത് സ്നേഹംകൊണ്ടാണ്.

ഒരു ശിഷ്യൻ കല്പന അനുസരിക്കുന്നത് സ്നേഹംകൊണ്ടാണ്. എന്നാൽ യിസ്രായേൽ ശിഷ്യത്വത്തിന്റെ ആ മഹനീയ പാതയിലേക്കു കടന്നിട്ടില്ല. അവർക്കു ദൈവം യജമാനനും അവർ ദാസന്മാരുമായിരുന്നു. ദാസനു അനുസരിക്കുന്നതിനു കൂലിവേണം; അനുസരിച്ചില്ലെങ്കിൽ 'ചുട്ട അടി' കിട്ടുമെന്ന ചിന്തവേണം; ഇതിനർഥം, പഴയനിയമകാലത്തു സ്നേഹംകൊണ്ട് ദൈവത്തെ സേവിച്ച ആരും ഇല്ലെന്നല്ല. *പുതിയ നിയമത്തിന്റെ വ്യവസ്ഥയിൽ ജീവിച്ച പഴയനിയമ വിശുദ്ധരുമുണ്ട്. ഇപ്പോഴും പഴയ നിയമ വ്യവസ്ഥയിൽ ജീവിക്കുന്ന പുതിയ നിയമ വിശ്വാസികളുമുണ്ട്.* ശിഷ്യത്വത്തിന്റെ വ്യവസ്ഥയിൽ സ്നേഹത്തിന്റെ ലോകത്ത് ജീവിച്ചു തുടങ്ങിയിട്ടില്ലാത്തതിനാൽ ഇന്നും ഇക്കൂട്ടർക്ക് കല്പനയുടെ അനുസരണത്തിനു പ്രതിഫലമോ ചുട്ട അടിയോ ഒക്കെ വേണ്ടിവരും... എന്തു ചെയ്യാം;

ശിഷ്യത്വത്തിന്റെ ഈ പുതിയ ആത്മബന്ധം പഴയ നിയമ വെളിപ്പാടിനെ ഉടച്ചുകളയുകയല്ല എന്നോർക്കണം. ഇവിടെ നാം, പഴയ നിയമ വിശുദ്ധർ കയറിനിന്ന പടിയിൽനിന്ന് ഒരു പടി കൂടെ മുകളിലേക്ക് കയറുകയാണ്. പഴയതിന്റെ തകർച്ചയല്ല, പഴയതിൽനിന്നുള്ള ഉയർച്ചയാണ്

**അനുസരണത്താൽ കിട്ടുന്ന സമൃദ്ധിയിലല്ല. അനുസരണത്തിൽതന്നെയാണ് ശിഷ്യന്റെ ആനന്ദം!**

പുതിയ നിയമ ഉപദേശം. അതിനാലാണല്ലോ, ''ഞാൻ ന്യായപ്രമാണത്തെ നീക്കുവാനല്ല, നിവർത്തിപ്പാനാണു വന്നത്"(മത്തായി.5:17) എന്ന് യേശു പറയുന്നത്. എന്നാൽ അനുഗ്രഹം മോഹിച്ചു കല്പന അനുസരിക്കുന്നവൻ ദുശ്ശാഠ്യമുള്ള യിസ്രായേലിന്റെ നിരയിലേക്കു തരം താഴുകയാണ്.

സമൃദ്ധിയുടെ അനുഗ്രഹം ദൈവം യിസ്രായേലിനു നല്കുന്നത് അവരുടെ മരുപ്രയാണകാലത്തേക്കല്ല എന്നതും ഓർത്തിരിക്കണം. അവരുടെ വാഗ്ദത്ത നാടായ കനാൻദേശത്ത് എത്തുമ്പോഴാണ് സമൃദ്ധി യാഥാർഥ്യമാകുന്നത്. കനാനിൽ അവർക്കു സമൃദ്ധിയുണ്ട്. സംരക്ഷണമുണ്ട്, അവർ ഭൂമിയുടെ ഉടമസ്ഥരാകും... എന്നാൽ മരുപ്രയാണത്തിൽ അവർ വസ്തുവിന്റ ഉടമകളാകുന്നില്ല; മരുഭൂമിയിൽ അവർ മുന്തിരി പറിച്ചു തിന്നുന്നില്ല...പാലുംതേനും ഒഴുകുന്നത് മരുഭൂമിയിലല്ല, കനാനിലാണ്.

പുതിയനിയമ വിശ്വാസിയുടെ ഇഹലോകജീവിതത്തെ യിസ്രായേൽ ജനതയുടെ കനാൻ വാസത്തോടല്ല, അവരുടെ മരുഭൂപ്രയാണത്തോടാണ് ഉപമിച്ചിരിക്കുന്നത് എന്നോർക്കണം. കനാന്റെ സമൃദ്ധി മരുഭൂമിയിൽ ഓഫർ ചെയ്യുന്ന ക്രൂസേഡ് പ്രസംഗകർ പാവം വിശ്വാസികളോടു പറയുന്നത്, അവരുടെ കനാൻ ഇവിടെ ഈ ഭൂമിയിലാണെന്നാണ്.

മരുഭൂമിയിൽ യിസ്രായേൽ പട്ടിണി കിടക്കുകയൊന്നുമായിരുന്നില്ല. ഭക്ഷിപ്പാൻ അവർക്കു സ്വർഗീയ മന്നയുണ്ട്; കുടിക്കാൻ പാറ പിളർന്നൊഴുകുന്ന 'മിനറൽ വാട്ടറുണ്ട്'. ഈ മരുഭൂമിയിൽ നമുക്കാവശ്യമുള്ളത് ദൈവം നമുക്കു നല്കും. അത് ദൈവത്തിന്റെ വിശ്വസ്തത! എന്നാൽ കനാന്റെ ഭൗതികസമൃദ്ധി മരുഭൂമിയിലെ അനുഗ്രഹമായി പഠിപ്പിക്കുന്നവർ ഇഹലോകജീവിതത്തെ കനാൻനാടാക്കി പഠിപ്പിക്കയാണ്! മരുഭൂമിയിൽ പാലും തേനുമൊഴുക്കി അവർ പാവം വിശ്വാസികളെ അവരുടെ വാഗ്ദത്ത നാടായ സ്വർഗീയ കനാനിലേക്കു വിടാതെ മണ്ണിന്റെ സ്വപ്നങ്ങളിൽ തളച്ചിടുകയാണ്! ■

# താഴ്മയുള്ളവർക്കു കൃപ നൽകുന്ന ദൈവം

ആത്മാഭിമാനം (self -esteem) വർദ്ധിപ്പിക്കുന്ന വ്യക്തിത്വ വികസന പരിശീലന പദ്ധതികൾലോകത്തിലാകമാനം വളർന്നുകൊണ്ടിരിക്കുമ്പോൾ താഴ്മ ധരിക്കുക എന്ന ക്രിസ്തീയ ഉപദേശം പലർക്കും അസ്വീകാര്യമായിരിക്കും. കഴിവുകളും സ്വയം മതിപ്പും വിജയത്തിന് അനിവാര്യമാണെന്നുള്ള ചിന്താഗതി പ്രബലമാകുമ്പോൾ താഴ്മയും വിനയവുമൊക്കെ പഴഞ്ചൻ കാര്യങ്ങളായി ആത്മികലോകത്തുപോലും പിന്തള്ളപ്പെടുന്നു. ഇവിടെയാണ് സാമുവേൽ ബ്രിംഗിൽസ് എന്ന ഓക്സ്ഫോർഡ് ബിരുദധാരിയുടെ താഴ്മ മാതൃകയാക്കേണ്ടത്. രക്ഷാ സൈന്യത്തിന്റെ സ്ഥാപകനായ വില്യം ബൂത്തിന്റെ അടുക്കൽ അദ്ദേഹം സുവിശേഷവേലക്കായി ചെല്ലുന്ന സന്ദർഭം, ചേരികളിലെ സുവിശേഷവേലയായിരുന്നു അന്ന് ബൂത്ത് ചെയ്തുകൊണ്ടിരുന്നത്. തന്റെ പള്ളിയിൽ കൂടി വരുന്നവരുടെ ചെരുപ്പുകൾ സൂക്ഷിക്കുവാൻ ആയിരുന്നു ബൂത്ത്, ബ്രിംഗിൽസിനെ ഏല്പിച്ചത്. അദ്ദേഹം പാവപ്പെട്ട വിശ്വാസികളുടെ ചെരുപ്പ് സൂക്ഷിക്കുക മാത്രമല്ല പോളിഷ് ചെയ്തും കൊടുക്കുമായിരുന്നു. ചിലവർഷങ്ങൾ അങ്ങനെ കടന്നുപോയി. ഒരിക്കൽ ബൂത്ത് നടത്തിയ പ്രധാന കൺവെൻഷന് അതിഥിയായി ക്ഷണിക്കപ്പെട്ട വ്യക്തി വന്നില്ല. ആകുലപ്പെട്ട് അദ്ദേഹം ദൈവത്തോട് അപേക്ഷിച്ചു; 'കർത്താവെ ഇനി ഞാൻ ആരെയാണ് വിളിക്കുക'. കർത്താവു പറഞ്ഞു, 'നീ എന്തിനു ഭാരപ്പെടുന്നു, ഈ പ്രാവശ്യത്തെ പ്രസംഗകൻ നിന്റെ സഭയിൽതന്നെ ഉണ്ട്. അവൻ ഇപ്പോൾ ഷൂസ് സൂക്ഷിക്കുന്നു. അവനാണ് പ്രസംഗകൻ'. കർത്താവെ അവൻ ഒരു പ്രാർത്ഥനായോഗത്തിൽ പോലും പ്രസംഗിച്ചിട്ടില്ല'. കർത്താവു ബൂത്തിനോട് തിട്ടമായി പറഞ്ഞു, 'അതൊന്നും സാരമില്ല, അവനാണ് പ്രസംഗകൻ'. സ്റ്റേജിൽ കയറി പ്രസംഗിക്കുന്നതിനു മുൻപ് തന്നെ ശ്രോതാക്കളിൽ പരിശുദ്ധാത്മാവ് വ്യാപരിച്ചുതുടങ്ങി. നിറകണ്ണുകളോടെയാണ് അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത്! സാമുവേൽ ബ്രിംഗിൽസിന്റെ ശുശ്രൂഷയുടെ തുടക്കം ഇങ്ങനെയായിരുന്നു.

അതെ, യഥാർത്ഥമായ താഴ്മയെന്നാൽ ഒരാൾ സ്വയം തരംതാഴ്ത്തിക്കാണുന്നതല്ല, മറിച്ചു സ്വയത്തെക്കുറിച്ചു ചിന്തിക്കുന്നതുപോലും ഒഴിവാക്കുന്നതാണ്. യേശു കർത്താവ് ഇങ്ങനെ ഓർമിപ്പിക്കുന്നു: 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോട് പഠിപ്പീൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും' (മത്തായി 11:29).

എംസി


***Bank Account Details:***

**Righteous Path Publication Trust**
**A/c No. 0315053000011215**
**IFS Code: SIBL 0000315**
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 200 രൂപ

**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

*നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....*


*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.03.2021

NERVEEDHI - MARCH 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

# ആർ.പി പബ്ലിക്കേഷൻസിൽനിന്നും




ക്രിസ്തീയജീവിതയാത്രയിൽ ദൈവശബ്ദം കേട്ടുവേണം മുന്നേറുവാൻ. അബ്രഹാമിനെയോ, ശമൂവേൽ ബാലനെയോ, പൗലൊസിനെയോ പോലെ ബാഹ്യകർണങ്ങളിൽ ആ ശബ്ദം കേട്ടില്ലെങ്കിലും പ്രതിസന്ധികളിൽ ദൈവസന്നിധിയിൽ മുട്ടുമടക്കുന്നവർക്കു ദൈവഹിതം തിരിച്ചറിയാൻ കഴിയും. മനുഷ്യർ നിങ്ങളെ വഴിതെറ്റിക്കാൻ അനുവദിക്കരുത്. പ്രതിസന്ധികളിൽ മാത്രമല്ല, നിരന്തരം ദൈവസമ്പർക്കം പുലർത്താൻ കഴിയുന്ന ഒരു വിശ്വാസിക്ക് വഴികളിൽ ആ സാന്നിധ്യം ബോധ്യമാകും. ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ ആ സാന്നിധ്യം നഷ്ടമാകുന്നതു ബോധ്യമായാൽ വഴിതെറ്റിയെന്നും മനസ്സിലാക്കുക. നേർവീഥിയിലേക്കു മടങ്ങാൻ പിന്നെ താമസിക്കരുത്.

കെ.വി. രാജു (Late)

**ഇപ്പോൾ ലഭ്യമാണ്**

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.